
2023
AUGUST
01
TUESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET
capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995




## ചന്ദ്രയാൻ 3, ലാൻഡിങ് 23ന്

**ചെന്നൈ:** ചന്ദ്രയാൻ 3 പേടകത്തെ ചന്ദ്രന്റെ ആകർഷണ വലയത്തിലേക്കെത്തിക്കുന്ന ട്രാൻസ്‌ലൂണാർ ഇൻജക്ഷൻ ഇസ്റോ ഇന്നലെ രാത്രി പൂർത്തിയാക്കി. ഭൂഗുരുത്വ വലയം ഭേദിച്ച് ചന്ദ്രന്റെ അടുത്തേക്കുള്ള യാത്രയ്ക്കു തുടക്കമിടുന്ന പ്രക്രിയയാണിത്.

ഇനി 5 ദിവസം ഭൂമിയുടെയും ചന്ദ്രന്റെയും സ്വാധീനമില്ലാത്ത ലൂണാർ ട്രാൻസ്ഫർ ട്രജക്ട്രി എന്ന പഥത്തിലാണു ദൗത്യം സഞ്ചരിക്കുക. ഓഗസ്റ്റ് 5ന് ചാന്ദ്രഭ്രമണപഥത്തിലേക്കു കടക്കും (ലൂണാർ ഓർബിറ്റ് ഇൻസേർഷൻ). 5 ഭ്രമണപഥങ്ങളിലൂടെ താഴോട്ടിറങ്ങിയ ശേഷം ഓഗസ്റ്റ് 23ന് വൈകിട്ട് 5.47നു ചന്ദ്രോപരിതലത്തിൽ ലാൻഡർ ഇറങ്ങും.

## മദ്യനയം: ഷാപ്പുകളുടെ ദൂരപരിധി കുറയ്ക്കുന്നതും പരിഗണനയിൽ



**പാലക്കാട്:** മദ്യനയത്തിലെ ഷാപ്പുകളുടെ ദൂരപരിധി കുറയ്ക്കുന്നതുൾപ്പെടെ പ്രത്യേകം ചർച്ചചെയ്യുന്നത് സർക്കാർ പരിഗണനയിൽ. നയം സംസ്ഥാനത്തു മദ്യവ്യാപനത്തിനു വഴിയൊരുക്കുമെന്ന പ്രതിപക്ഷത്തിന്റെയും കേരള സ്റ്റേറ്റ് ചെത്തുതെ!ാഴിലാളി ഫെഡറേഷന്റെയും വിമർശനവും തൊഴിലാളികളുടെ ആശങ്കയും മദ്യനയത്തേ!ാടുള്ള സാമുദായിക സംഘടനകളുടെ നിലപാടും കണക്കിലെടുത്തായിരിക്കും ചർച്ച.

നയത്തിന്റെ കരടു തയാറാക്കിയാണ് ഇടതു മുന്നണിയിൽ ഉൾപ്പെടെ ചർച്ചയ്ക്കു വയ്ക്കുക. കള്ളുവ്യവസായത്തിൽ നിർദേശിച്ച മാറ്റങ്ങൾ എൽഡിഎഫിൽ ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് സിപിഐയുടെ ചെത്തുതെ!ാഴിലാളി ഫെഡറേഷൻ (എഐടിയുസി) എൽഡിഎഫിനു കത്തുനൽകിയതായി നേതൃത്വം സൂചിപ്പിച്ചു. ഹേ!ാട്ടലുകൾ, റസ്റ്ററന്റുകൾ, ബാറുകൾ തുടങ്ങിയവയുടെ വളപ്പിലുള്ള തെങ്ങുചെത്തി കള്ളു വിൽക്കാമെന്ന നിർദേശം നടപ്പാക്കുന്നതിന് അബ്കാരി നിയമത്തിൽ ഭേദഗതികളും വേണ്ടിവരും.

നിലവിൽ കള്ളുഷാപ്പിൽ കള്ളും ബാറിൽ വിദേശമദ്യവും മാത്രം വിൽക്കാനേ നിയമത്തിൽ വ്യവസ്ഥയുള്ളു. മറ്റിടങ്ങളിൽ കള്ളു വിൽക്കാനുള്ള അനുവാദം നൽകിയാൽ കള്ളുവ്യവസായം കൂടുതൽ പ്രതിസന്ധിയിലാകുമെന്നാണ് എഐടിയുസി ഉൾപ്പെടെ വാദിക്കുന്നത്. വർഷങ്ങളായി കള്ളുവ്യവസായത്തിന്റെ വളർച്ച തടയുന്നതിൽ പ്രധാനഘടകം ദൂരപരിധിയാണെന്നു സംഘടനകൾ അഭിപ്രായപ്പെടുന്നു. ആൽക്കഹേ!ാൾ 8.1% മാത്രമുള്ള കള്ള് വിൽപനയ്ക്കുള്ള ഷാപ്പ് ആരംഭിക്കാനുള്ള ദൂരപരിധി 400 മീറ്ററാണ്. എന്നാൽ 42% ആൽക്കഹേ!ാൾ ഉള്ള വിദേശ മദ്യങ്ങൾ വിൽക്കുന്ന ബാറുകൾക്ക് ഇത് 200 മീറ്ററും ഫൈവ് സ്റ്റാർ ബാറുകൾക്ക് 50 മീറ്ററുമാണ് ഈ പരിധി. വിദ്യാലയം, ആരാധനാലയങ്ങൾ, പെ!ാതുശ്മശാനം, പട്ടികജാതി, വർഗ കേ!ാളനികൾ തുടങ്ങിയ നിശ്ചിത സ്ഥലത്തുനിന്ന് അബ്കാരി നിയമമനുസരിച്ചു പാലിക്കേണ്ടതാണ് ഈ ദൂരം.

# ഹൈവേ നിർമാണത്തിനിടെ കൂറ്റൻ യന്ത്രം തകർന്നുവീണു; 15 മരണം

**താനെ :** മഹാരാഷ്ട്രയിലെ താനെയിൽ എക്സ്പ്രസ് ഹൈവേ നിർമാണത്തിനിടെ കൂറ്റൻ യന്ത്രം തകർന്നു വീണ് 15 പേർ മരിച്ചു. ഗർഡർ സ്ഥാപിക്കാൻ ഉപയോഗിക്കുന്ന യന്ത്രമാണ് തകർന്നത്. ഷാപ്പൂരിൽ സമൃദ്ധി എക്സ്പ്രസ് ഹൈവേ നിർമാണത്തിനിടെ പുലർച്ചെയോടെയായിരുന്നു അപകടം.

മൂന്നു പേർക്ക് പരുക്കേറ്റതായും പൊലീസ് അറിയിച്ചു. അവശിഷ്ടങ്ങൾക്കിടയിൽ കൂടുതൽ പേർ കുടുങ്ങിയിട്ടുണ്ടെന്നു സംശയമുണ്ട്. ദേശീയ ദുരന്തനിവാര സേനയും അഗ്നിരക്ഷാസേനയും ചേർന്നാണു രക്ഷാപ്രവർത്തനം നടത്തുന്നത്.




# റിയാദ് തിരുവനന്തപുരം വിമാന സർവീസ് നിലച്ചിട്ട് മാസങ്ങൾ

**ദമാം:** റിയാദ്തിരുവനന്തപുരം വിമാന സർവീസ് നിലച്ചിട്ട് മാസങ്ങളാകുന്നു. ഇതുവരെ ഈ റൂട്ടിലുള്ള വിമാന സർവീസ് വീണ്ടും തുടങ്ങുന്നതിന് ശ്രമങ്ങളുണ്ടായിട്ടില്ല. രോഗികളും മുതിർന്ന പൗരന്മാരും ഉൾപ്പെട്ട നിരവധി പേർക്ക് ഇതോടെ യാത്രാക്ലേശം രൂക്ഷമായിരിക്കുകയാണ്.

റിയാദിൽ നിന്നും നേരിട്ട് തിരുവനന്തപുരത്തേക്കും തിരിച്ചും വിമാന സർവ്വീസുകൾ തുടങ്ങണമെന്ന് പ്രവാസികളുടെ അവശ്യത്തെ അധികൃതർ ഗൗനിക്കുന്നില്ലെന്നാണ് പരാതി. നേരിട്ട് പറക്കുമെങ്കിൽ അ?ഞ്ച് മണിക്കൂർ കൊണ്ട് തിരുവനന്തപുരത്തേക്ക് എത്തിച്ചേരാവുന്ന ദൂരമാണ് റിയാദ് തിരുവന്തപുരം സെക്ടർ. റിയാദിൽ നിന്നും തിരുവനന്തപുരത്തേക്ക് പോകുന്നവർ സൗദിയിലെ മറ്റു വിമാനത്താവളങ്ങൾ വഴിയാണ് യാത്ര ചെയ്യുന്നത്.

ദമാം, ജിദ്ദ വിമാനത്താവളങ്ങളിൽ നിന്നും നേരിട്ട് സർവ്വീസുകളുള്ളതിനാൽ വലിയൊരു വിഭാഗം പ്രവാസികൾ റിയാദിൽ നിന്നും ഇവിടങ്ങളിലെത്തിയാണ് പുറപ്പെടുന്നത്. തിരുവനന്തപുരത്തേക്കു പോകുന്നതിനും തിരികെ മടങ്ങുന്നതിനും റിയാദിൽ നിന്നും ദുബായിലോ മറ്റ് ഗൾഫ് രാജ്യങ്ങളിലെ വിമാനത്താവളങ്ങളിൽ ഇറങ്ങി കണക്ഷൻ ഫ്ലൈറ്റിനെ ആശ്രയിക്കേണ്ടി വരുന്നുണ്ട്.കൈകുഞ്ഞുങ്ങളുമായി യാത്രചെയ്യുന്നവർക്കും പ്രായമായവർക്കും കിടപ്പു രോഗികൾക്കും വീൽചെയർ യാത്രക്കാർക്കുമൊക്കെ ദുരിതത്തിന് കാരണമാകുന്നു. മരണം, ആശുപത്രി, ചികിത്സാ ആവശ്യങ്ങൾക്കായി എത്രയും പെട്ടെന്ന് നാട്ടിലെത്തിചേരേണ്ടവർക്കും ഇതേ ഗതികേടാണുള്ളത് .

കൊല്ലം,ആലപ്പുഴ ജില്ലയുടെ തെക്കൻ ഭാഗങ്ങളിലുള്ളവർക്കും, കന്യാകുമാരി,നാഗർകോവിൽ, മധുര,തെങ്കാശി എന്നിവിടങ്ങളിലേക്കു പോകുന്നവരുടേയും ഏക ആശ്രയമാണ് തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളം. മുൻപ് എയർ ഇന്ത്യ അടക്കമുള്ള കമ്പനികൾ സർവ്വീസ് നടത്തിയിരുന്നു.നിലവിൽ ഗൾഫ് എയർ ബഹറിൻ വഴിയും കുവൈറ്റ് വഴി, സൌദിയ, കുവൈറ്റ് എയർവെയ്സുകളും, ദോഹ വഴി ഖത്തർഎയറും,കൊളംബോ വഴി ശ്രീലങ്കൻ എയറും തിരുവനന്തപുരത്തേക്ക് സർവ്വീസ് നടത്തുന്നുണ്ട്.

പ്രവാസിസംഘടനകൾ ഇത് സംബന്ധിച്ച് കേന്ദ്ര, കേരള സർക്കാരുകളുടെ അടിയന്തിര ശ്രദ്ധ വേണമെന്നും നിരന്തരം ആവശ്യപ്പെട്ടിട്ടും പരിഹാരം ഉണ്ടായിട്ടില്ല.ഓണം ആഘോഷിക്കാൻ നാട്ടിലേക്കു പോവുന്ന തെക്കൻ കേരളത്തിലെ മലയാളികൾ ഇത്തവണയെങ്കിലും നേരിട്ടുള്ള വിമാനം ഉണ്ടാവുമൊയെന്ന് അന്വേഷണത്തിലാണ്.





# കേന്ദ്രത്തിന്റെ അമൃത് പദ്ധതിയിൽ പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നു

**വൈക്കം:** നഗരസഭ പരിധിയിൽ കുടിവെള്ള വിതരണം സുഗമമാക്കാൻ പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കാൻ നടപടിയായി. ഇതിനായി പൈപ്പുകൾ എത്തിച്ചു. പഴയ പൈപ്പുകൾ പൊട്ടി മിക്ക സ്ഥലങ്ങളിലും വെള്ളം പാഴാകുന്നതോടെ പല പ്രദേശങ്ങളിലും സുഗമമായി കുടിവെള്ളം എത്തിക്കാൻ പറ്റാത്ത സാഹചര്യമാണ് നിലവിലുള്ളത്.

കേന്ദ്ര സർക്കാരിന്റെ അമൃത് പദ്ധതിയിൽ പെടുത്തിയാണ് പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നത്. നഗരസഭയിലെ 26വാർഡുകളിലും കാലഹരണപ്പെട്ട പൈപ്പുകൾ മാറ്റി പുതിയ പൈപ്പുകൾ സ്ഥാപിക്കും. ഇതോടൊപ്പം ഇനിയും കുടിവെള്ളം ലഭിക്കാത്ത വീട്ടുകാർക്ക് വാട്ടർ കണക്ഷൻ സൗജന്യമായി നൽകും. 6.72കോടി രൂപ ചെലവഴിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. പൈപ്പുകൾ എത്തിയതോടെ ദ്രുതഗതിയിൽ പൈപ്പുകൾ സ്ഥാപിക്കുന്ന ജോലികൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന പ്രതീക്ഷയിലാണ് അധികൃതർ.

പുതിയ പൈപ്പുകൾ സ്ഥാപിക്കുമെങ്കിലും ജല വിതരണം കാര്യക്ഷമമാകണമെങ്കിൽ അയ്യർകുളങ്ങരയിൽ ജല അതോറിറ്റിയുടെ സ്ഥലത്ത് 10 ലക്ഷം ലീറ്റർ സംഭരണ ശേഷിയുള്ള ജലസംഭരണിയും, ട്രീറ്റ്മെന്റ് പ്ലാന്റും സ്ഥാപിച്ചാൽ മാത്രമേ ജനങ്ങളുടെ കുടിവെള്ള ക്ഷാമത്തിന് ശാശ്വത പരിഹാരമാകുകയുള്ളൂ. അയ്യർകുളങ്ങരയിൽ 60വർഷം മുൻപ് സ്വന്തമായി കുടിവെള്ള പദ്ധതി പ്രവർത്തിച്ചിരുന്നു. ഇവിടെ നിന്നുള്ള വെള്ളം തികയാതെ വന്നതോടെ പിറവം കക്കാട് പദ്ധതിയിൽ നിന്നും വെള്ളം എത്തിച്ചാണ് നഗരസഭയിലെയും സമീപ പഞ്ചായത്തുകളിലെയും കുടിവെള്ള ക്ഷാമം പരിഹരിച്ചിരുന്നത്. പിന്നീട് അത് വെള്ളൂർ ചങ്ങലപ്പാലത്തിലുള്ള വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നാക്കി.

ഇവിടെ നിന്നും തലയോലപ്പറമ്പ് ഡി.ബി.കോളജ് പരിസരത്തുള്ള ഉന്നതതല ജല സംഭരണിയിൽ എത്തിച്ച് അവിടെ നിന്ന് പ്രധാന കുഴലുകൾ വഴി വൈക്കത്ത് എത്തിച്ചാണ് ജല വിതരണം നടത്തുന്നത്. 50വർഷം പഴക്കമുള്ള പഴകിയ പൈപ്പുകളിലൂടെയാണ് നിലവിൽ നഗരസഭ പ്രദേശത്ത് കുടിവെള്ളം എത്തുന്നത്. വൈക്കത്തെ ജലഅതോറിറ്റി ഓഫിസിനു സമീപത്തുള്ള രണ്ടേകാൽ ലക്ഷം ലീറ്റർ കപ്പാസിറ്റിയുള്ള കാലപ്പഴക്കം ചെന്ന വാട്ടർ ടാങ്കിൽ നിന്നാണ് നഗരസഭ പ്രദേശത്ത് വെള്ളം വിതരണം ചെയ്യുന്നത്. ഈ ടാങ്കിന്റെ പ്രവർത്തനം നിലച്ചാൽ നഗരസഭ പ്രദേശത്ത് കുടിവെള്ള വിതരണം തടസ്സപ്പെടും.

ജൽജീവൻ മിഷൻ പദ്ധതി പ്രകാരം പുതിയ കണക്ഷനുകൾ നൽകിയതോടെ മുൻപ് ഉണ്ടായിരുന്നതിന്റെ 3ഇരട്ടിയിൽ അധികം കണക്ഷൻ വർധിച്ചെങ്കിലും മുടക്കമില്ലാതെ വെള്ളം എത്തിക്കുന്നതിന് യാതൊരു ക്രമീകരണവും ഇല്ലായിരുന്നു.

തീരദേശ മേഖലയായ വൈക്കത്ത് ജനങ്ങളുടെ ഏക ആശ്രയം പൈപ്പ് വെള്ളമാണ്. പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതോടെ താൽക്കാലിക ആശ്വാസമാകും എന്ന പ്രതീക്ഷയിലാണ് നാട്ടുകാർ.

# അർബുദ ചികിത്സയ്ക്ക് റോബട്ടിക് സർജറി ഈ വർഷം: മന്ത്രി വീണാ ജോർജ്

**ഇരവിപേരൂർ:** തിരുവനന്തപുരം, മലബാർ റീജനൽ കാൻസർ സെന്ററുകളിൽ കാൻസർ ചികിത്സയ്ക്ക് ഈ വർഷം തന്നെ റോബട്ടിക് സർജറി തുടങ്ങുമെന്നും ഇതിനായി സംസ്ഥാന സർക്കാർ 30 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും മന്ത്രി വീണാ ജോർജ്. കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ സാമൂഹിക വിലയിരുത്തലിന്റെ (സോഷ്യൽ ഓഡിറ്റ്) സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അവർ.

സംസ്ഥാനത്തെ 886 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ 629 എണ്ണം കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയിട്ടുണ്ട്. ആരോഗ്യ മേഖലയിലെ സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തി ആശുപത്രികളെ രോഗീസൗഹൃദമാക്കുകയുമാണ് ലക്ഷ്യം. ഇത് എത്രത്തോളം ജനങ്ങളിലേക്കെത്തിയിട്ടുണ്ടെന്നുള്ള ജനകീയ പങ്കാളിത്തത്തോടെയുള്ള വിലയിരുത്തൽ രാജ്യത്ത് ആദ്യമായാണെന്നും മന്ത്രി പറഞ്ഞു.

പഞ്ചായത്ത് പ്രസിഡന്റ് കെ.ബി.ശശിധരൻപിള്ള അധ്യക്ഷത വഹിച്ചു. ആന്റോ ആന്റണി എംപി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഓമല്ലൂർ ശങ്കരൻ, അംഗം ജിജി മാത്യു, കോയിപ്രം ബ്ലോക് പഞ്ചായത്ത് പ്രസിഡന്റ് കെ.കെ.വത്സല, പഞ്ചായത്ത് വൈസ് പ്രസിഡന്റ് സാലി ജേക്കബ്, അംഗങ്ങളായ അമിത രാജേഷ്, ആർ.ജയശ്രീ, കെ.കെ.വിജയമ്മ, വിനീഷ് കുമാർ, ത്രേസ്യാമ്മ കുരുവിള, പ്രിയ വർഗീസ്, എസ്എച്ച്എസ്ആർസി എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ.വി.ജിതേഷ്, ജില്ലാ മെഡിക്കൽ ഓഫിസർ ഡോ. എൽ.അനിതകുമാരി, ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ.എസ്.ശ്രീകുമാർ എന്നിവർ പ്രസംഗിച്ചു.

## ഡാമുകളിൽ മീൻകുഞ്ഞുങ്ങളെ നിക്ഷേപിച്ചു

**അതിരപ്പിള്ളി:** തദ്ദേശീയ മത്സ്യങ്ങളുടെ വംശ വർധനവ് ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി പെരിങ്ങൽകുത്ത്,ഷോളയാർ ഡാമുകളിൽ മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിച്ചു. ഫിഷറീസ് വകുപ്പിനു കീഴിലുള്ള കെആർഎഫ്ഡിപി പദ്ധതിയുടെ ഭാഗമാണിത്. എംഎൽ എ സനീഷ് കുമാർ ജോസഫ് ഉദ്ഘാടനം ചെയ്തു.അതാതു പ്രദേശങ്ങളിൽ കണ്ടുവരുന്നു മത്സ്യ ഇനങ്ങൾ ഹാച്ചറികളിൽ ഉൽപാദിപ്പിച്ച് അണക്കെട്ടുകളിൽ നിക്ഷേപിക്കുന്ന പദ്ധതിയാണിത്.

8 ലക്ഷം കുഞ്ഞുങ്ങളെയാണ് ഡാമുകളിൽ തുറന്നു വിട്ടത്. കാരി, മുഷി, കരിപ്പിടി, വരാൽ, കരിമീൻ തുടങ്ങിയ ഇനത്തിൽ പെട്ട മത്സ്യ കു!!!ഞ്ഞുങ്ങളാണിവ. മീൻപിടുത്തം ഉപജീവന മാർഗമാക്കിയ ആദിവാസികളുടെ തൊഴിൽ സ്ഥിരതയും പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ലീന ഡേവീസ്,സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ പി.കെ ജേക്കബ്,ബ്ലോക്ക് പഞ്ചായത്തംഗം ഷാന്റി ജോസഫ്, ഗ്രാമ പഞ്ചായത്തംഗം കെ.എം.ജയചന്ദ്രൻ,ഫിഷറീസ് എക്സ്റ്റൻഷൻ ഓഫിസർ എം.എം. ജിബിന,ഫിഷറീസ് ഓഫിസർ എം.എസ്.ബിന്ദുമോൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

# കേരളത്തിൽ 213 കടുവകൾ; ഏറ്റവും കൂടുതൽ കടുവകളുള്ളതു പറമ്പിക്കുളത്ത്

**മുതലമട:** സംസ്ഥാനത്തെ കാടുകളിൽ കടുവകളുടെ എണ്ണത്തിൽ വർധന. കടുവാ സങ്കേതങ്ങളിൽ ഏറ്റവും കൂടുതൽ കടുവകളുള്ളതു പറമ്പിക്കുളം കാടുകളിൽ. ക്യാമറ ട്രാപ് ഉപയോഗിച്ചു നാഷനൽ ടൈഗർ കൺസർവേഷൻ അതോറിറ്റി നടത്തിയ കണക്കെടുപ്പിനു ശേഷം പുറത്തുവിട്ട കണക്കു പ്രകാരം 213 കടുവകൾ കേരളത്തിലെ വനങ്ങളിലുണ്ട്. 2018ൽ ഇത് 190 ആയിരുന്നു. പറമ്പിക്കുളം കടുവാ സങ്കേതത്തിൽ 31 കടുവകളുണ്ടെന്നാണു പുതിയ കണക്ക്. സംസ്ഥാനത്തെ ആദ്യ കടുവാ സങ്കേതമായ പെരിയാറിൽ 30 കടുവകളുണ്ട്. എന്നാൽ ഈ കടുവാ സങ്കേതങ്ങളിലെ കണക്കുകളിൽ ഏറ്റക്കുറച്ചിൽ ഉണ്ടായിട്ടുണ്ട്. സംസ്ഥാന അതിർത്തി പങ്കിടുന്ന കടുവാ സങ്കേതങ്ങളായതിനാലാണ് ഈ വ്യത്യാസമെന്നാണു വനംവകുപ്പിന്റെ വിലയിരുത്തൽ.

കേരളത്തിൽ ഏറ്റവും കൂടുതൽ കടുവകൾ കാണപ്പെടുന്ന



പ്രദേശം വയനാടുമായി ബന്ധപ്പെട്ടു കിടക്കുന്ന വനപ്രദേശമാണ് എന്നും വനംവകുപ്പു പറയുന്നു. പശ്ചിമഘട്ടത്തിന്റെ ഭാഗമായിട്ടുള്ള പ്രദേശങ്ങളിലും കടുവകളുടെ എണ്ണം ഗണ്യമായ രീതിയിൽ ഉയർന്നിട്ടുണ്ട്. കേരളത്തെ കൂടാതെ ഗോവ, കർണാടക, തമിഴ്നാട് എന്നിവയാണു പശ്ചിമഘട്ട ഭൂപ്രകൃതിയുടെ ഭാഗമായിട്ടുള്ള വനമേഖലകൾ ഉൾപ്പെടുന്ന സംസ്ഥാനങ്ങൾ. ഇവിടെ പുതിയ കണക്കനുസരിച്ചു 1087 കടുവകളുണ്ട്. 2018ൽ ഇത് 981 ആയിരുന്നു. കേരളത്തിലെ വനമേഖലയോടു ചേർന്നു കിടക്കുന്ന കർണാടകയിൽ 563 കടുവകളും തമിഴ്നാട്ടിൽ 306 കടുവകളുമുണ്ട്. 2018ൽ കർണാടകയിൽ 524, തമിഴ്നാട് 264 എന്നിങ്ങനെയായിരുന്നു എണ്ണം.

ആധുനിക സംവിധാനങ്ങളോടെ നടത്തിയ ഈ വർഷത്തിൽ കണക്കെടുപ്പിൽ കൂടുതൽ കൃത്യതയുള്ള കണക്കാണു ലഭിച്ചതെന്നാണു വിലയിരുത്തൽ. 2022ൽ രാജ്യത്തെ കടുവാ കണക്കെടുപ്പ് പൂർണമായും മൊബൈൽ ആപ് ഉപയോഗിച്ചാണു നടത്തിയത്. വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയും നാഷനൽ ടൈഗർ കൺസർവേഷൻ അതോറിറ്റിയും ചേർന്നു 4 വർഷത്തിലൊരിക്കൽ നടത്തുന്ന കണക്കെടുപ്പ് ജിഐഎസ് അടിസ്ഥാനമാക്കി വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ വികസിപ്പിച്ചെടുത്ത എം സ്ട്രൈപ്സ് എന്ന ആൻഡ്രോയ്ഡ് മൊബൈൽ ആപ്പിലെ ഇക്കോളജിൽ മൊഡ്യൂൾ ആണു കടുവകളുടെ കണക്കെടുപ്പിനായി ഉപയോഗിച്ചത്. ഗിന്നസ് ബുക്കിൽ ഇടം നേടിയ 2018ലെ കടുവാ കണക്കെടുപ്പിൽ ഈ മൊബൈൽ ആപ് പരീക്ഷണ അടിസ്ഥാനത്തിൽ ചിലയിടങ്ങളിൽ ഉപയോഗിച്ചിരുന്നു.

കടുവകളുടെ കണക്കെടുപ്പിനായി ക്യാമറകൾ സ്ഥാപിക്കുകയാണ് ആദ്യം ചെയ്യുക. കടുവയുടെ ഭക്ഷണമാവുന്ന മൃഗങ്ങളുടെ സാന്നിധ്യം, കടുവയുടെ കാലടയാളം, കാഷ്ഠം, മരത്തിൽ കടുവയുണ്ടാക്കുന്ന അടയാളങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ സഞ്ചാരപഥം നിശ്ചയിച്ചാണു ക്യാമറകൾ സ്ഥാപിക്കുക. നിശ്ചിത ദിവസങ്ങൾക്കു ശേഷം അവ എടുത്ത്, അതിൽ പതിഞ്ഞിട്ടുള്ള ചിത്രങ്ങൾ പരിശോധിച്ചാണു കടുവയുടെ എണ്ണം കണക്കാക്കുക. ഒരു ക്യാമറയിൽ ശരാശരി മൂവായിരത്തോളം ചിത്രങ്ങൾ പതിഞ്ഞിട്ടുണ്ടാവും എന്നതിനാൽ മറ്റു ജീവികളുടെ ചിത്രങ്ങൾ ആദ്യം വേർതിരിക്കും. കടുവകളുടെ ചിത്രങ്ങൾ എടുത്ത് അവയുടെ ശരീരത്തിലെ വരകളിലെ വ്യത്യാസം കണ്ടെത്തിയാണ് എത്ര കടുവകൾ ഉണ്ടെന്നു നിശ്ചയിക്കുക.

## പ്രിയദർശിനി എസ്റ്റേറ്റിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കും

**വയനാട്:** പ്രിയദർശിനി എസ്റ്റേറ്റിന്റെ വികസനത്തിന് വിശദമായ മാസ്റ്റർ പ്ലാൻ തയാറാക്കുമെന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രി കെ. രാധാകൃഷ്ണൻ പറഞ്ഞു. ഇതു സംബന്ധിച്ച് അതികൃതർക്ക് മന്ത്രി നിർദ്ദേശം നൽകി. പ്രിയദർശിനി എസ്റ്റേറ്റിലെ തൊഴിലാളികളുമായും ട്രേഡ് യൂണിയൻ നേതാക്കളുമായും മന്ത്രി ചർച്ച നടത്തി. എസ്റ്റേറ്റിലെ തേയിലയുടെ ഉത്പ്പാദനം കൂട്ടാൻ നൂതന മാർഗങ്ങൾ സ്വീകരിക്കണം. ജൈവ രീതിയിലുള്ള കൃഷി രീതിയും പ്രാവർത്തികമാക്കാൻ ശ്രമിക്കണം. തൊഴിലാളികളുടെ ശമ്പള കുടിശ്ശിക പരിഹരിക്കാൻ മന്ത്രി നിർദ്ദേശം നൽകി. തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് മുന്തിയ പരിഗണന നൽകും. എസ്റ്റേറ്റിലുള്ള ആരോഗ്യ കേന്ദ്രത്തിൽ ഡോക്ടർമാരടക്കമുള്ള കൂടുതൽ സംവിധാനങ്ങൾ ഒരുക്കുന്നതുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പുമായി ചർച്ച ചെയ്യും. എസ്റ്റേറ്റിൽ താമസിക്കുന്ന വിദ്യാർഥികൾക്ക് വിദ്യാലയങ്ങളിൽ പോകുന്നതിനായി കെ.എസ്.ആർ.ടി.സിയുമായി ആലോചിച്ച് ഗ്രാമവണ്ടികളുടെ സേവനം ലഭ്യമാക്കാൻ ശ്രമിക്കും. ഭരണ സമിതിയിൽ ആവശ്യമെങ്കിൽ ഭേദഗതികൾ വരുത്തി കാര്യക്ഷമമാക്കാനും മന്ത്രി നിർദേശം നൽകി.ഒ.ആർ കേളു എം.എൽ.എ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജസ്റ്റിൻ ബേബി, കൗൺസിലർ ഫാത്തിമ്മ, പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ഡി.ആർ മേഘശ്രീ തഹസിൽദാർ എം.ജെ അഗസ്റ്റിൻ, ടി.ഡി.ഒ സി. ഇസ്മയിൽ, എസ്റ്റേറ്റ് ഉദ്യോഗസ്ഥർ, ട്രേഡ് യൂണിയൻ നേതാക്കൾ, തൊഴിലാളികൾ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.

## മലയോര ഹൈവേ പ്രവൃത്തി ഉദ്ഘാടനം ആഗസ്റ്റ് മൂന്നിന്

**കോഴിക്കോട്:** ബാലുശ്ശേരി മണ്ഡലത്തിലെ പടിക്കൽ വയൽ മുതൽ ഇരുപത്തെട്ടാം മൈൽ വരെയുള്ള മലയോര ഹൈവേയുടെ പ്രവൃത്തി ഉദ്ഘാടനം പൊതുമരാമത്ത് ടൂറിസം വകുപ്പ് മന്ത്രി പി.എ മുഹമ്മദ് റിയാസ് നിർവഹിക്കും. ആഗസ്റ്റ് മൂന്നിന് രാവിലെ 11മണിക്ക് തലയാട് അങ്ങാടിയിൽ നടക്കുന്ന ചടങ്ങിൽ കെ.എം സച്ചിൻ ദേവ് എം എൽ എ അധ്യക്ഷത വഹിക്കും. പടിക്കൽ വയൽ മുതൽ ഇരുപത്തെട്ടാം മൈൽ വരെയുള്ള 6.75 കിലോ മീറ്റർ ദൂരം ഡി ബി എം നിലവാരത്തിലാണ് നിർമ്മിക്കുക.

ഒൻപത് മീറ്റർ കാര്യേജ് വേയും ഇരുഭാഗത്തും ഡ്രെയിനേജ് സംവിധാനം ഉൾപ്പെടെ 12മീറ്റർ വീതിയിലാണ് റോഡ് നിർമ്മിക്കുന്നത്. ഇതിനായി 47 കോടി രൂപയാണ് കിഫ്ബി അനുവദിച്ചത്.

## സീനിയർ റസിഡന്റ് നിയമനം: അഭിമുഖം ഏഴിന്

**ആലപ്പുഴ:** ഗവൺമെന്റ് ടി.ഡി. മെഡിക്കൽ കോളജിലെ ഡി & വി. വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിൽ സീനിയർ റസിഡന്റിനെ നിയമിക്കുന്നു. ഡി & വി വിഭാഗത്തിലെ മെഡിക്കൽ പോസ്റ്റ് ഗ്രാജുവേഷൻ ബിരുദം, ടി.സി. എം.സി. രജിസ്ട്രേഷൻ എന്നീ യോഗ്യതയുള്ളവർ ഓഗസ്റ്റ് ഏഴിന് രാവിലെ 11ന് പ്രായം, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന അസൽ രേഖകൾ സഹിതം പ്രിൻസിപ്പാളിന്റെ ഓഫീസിൽ അഭിമുഖത്തിനായി എത്തണം. ഫോൺ: 0477 22822015.



വിശ്വഹിന്ദു പരിഷത്ത് എറണാകുളം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ കൊച്ചി മഹാനഗരത്തിൽ നടത്തിവരുന്ന ഗണേശോൽസവം 2023ന്റെ നടത്തിപ്പിനായി രൂപീകരിച്ച സ്വാഗത സംഘം എറണാകുളം ഭാരത് ഹോട്ടലിൽ വിശ്വ ഹിന്ദു പരിഷത്ത് സംസ്ഥാന പ്രസിഡന്റ് വിജി തമ്പി ഉദ്ഘാടനം ചെയ്യുന്നു.

# ഗണേശോത്സവം 2023 : സ്വാഗത സംഘം രൂപീകരിച്ചു

**കൊച്ചി :** വിശ്വഹിന്ദു പരിഷത്ത് എറണാകുളം ജില്ലാ കമ്മിറ്റി കൊച്ചി മഹാനഗരത്തിൽ നടത്തിവരുന്ന ഗണേശോത്സവത്തിന്റെ ഈ വർഷത്തെ നടത്തിപ്പിനായി വിപുലമായ സ്വാഗത സംഘം രൂപീകരിച്ചു. വിജി തമ്പി (പ്രസിഡന്റ് ), ടി.ആർ.ദേവൻ (ജനറൽ കൺവീനർ) സി.നന്ദകുമാർ (ഫിനാൻസ്) പ്രശാന്ത് വർമ്മ (പ്രോഗ്രാം) ഗിരീഷ് രാജൻ (മീഡിയ) എന്നിവരെ യോഗം തിരഞ്ഞെടുത്തു. എറണാകുളം മഹാനഗരത്തിൽ സെപ്തംബർ 19 ന് ഗണേശ വിഗ്രഹം സ്ഥാപിച്ചതിനു ശേഷം അഞ്ചാം ദിവസമായ 23 ന് പുതുവൈപ്പിനിൽ നിമജ്ജനം ചെയ്യും. ഭാരത് ഹോട്ടലിൽ ജില്ലാ പ്രസിഡന്റ് വി. ശ്രീകുമാറിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം വിശ്വ ഹിന്ദുപരിഷത്ത് സംസ്ഥാന പ്രസിഡന്റ് വിജി തമ്പി ഉദ്ഘാടനം ചെയ്തു.

ക്ഷേത്രീയ സംഘടന സെക്രട്ടറി കേശവ് രാജു മുഖ്യപ്രഭാഷണം നടത്തി. വി.എച്ച്.പി സംസ്ഥാന ഉപാദ്ധ്യക്ഷ പ്രസന്ന ബാഹുലേയൻ,വി.എച്ച്.പി.ജില്ലാ സെക്രട്ടറി പി.കെ. ജയേഷ്, ജില്ലാ ജോയിന്റ് സെക്രട്ടറി സി.നന്ദകുമാർ, പ്രശാന്ത് വർമ്മ, ടി.ആർ ദേവൻ, മുരളീധരൻ ഐ.എ.എസ്, കോർപ്പറേഷൻ കൗൺസിലർമാരായ പത്മജ എസ് മേനോൻ, പത്മകുമാരി, സുധാദിലീപ്, ജില്ലാ ജോ. സെക്രട്ടറി മുരളി കൃഷ്ണൻ തുടങ്ങിയവർ പ്രസംഗിച്ചു.

# ആശാ വർക്കർമാർക്ക് ഡിജിറ്റൽ ബാങ്കിംഗ് സംബന്ധിച്ച് പരിശീലനം നൽകും

**പത്തനംതിട്ട:** ജില്ലയിലെ മുഴുവൻ ആശാവർക്കർമാർക്കും ഡിജിറ്റൽ ബാങ്കിംഗ് സംബന്ധിച്ച ബോധവത്കരണവും പരിശീലനവും നൽകുമെന്ന് ആരോഗ്യ, വനിതാ, ശിശു വികസന വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. ജില്ലയിലെ ആശാവർക്കർമാരെ കേരളാ ബാങ്കിന്റെ ഡിജിറ്റൽ പ്ലാറ്റ്ഫോമിലേക്ക് കൊണ്ടു വരുന്നതിന്റെ ഉദ്ഘാടനം കേരള ബാങ്കിന്റെ പത്തനംതിട്ട സി പി സി ഓഡിറ്റോറിയത്തിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. ഡിജിറ്റൽ മേഖലയിൽ പണം വിനിയോഗിക്കുമ്പോൾ ഡിജിറ്റൽ സാക്ഷരത അനിവാര്യമാണ്. ശിശു വികസന വകുപ്പ് രൂപീകരിച്ചിട്ടുള്ള ഡിജിറ്റൽ പാഠശാലയിലൂടെ ഇത് സാധ്യമാക്കുമെന്ന് മന്ത്രി പറഞ്ഞു.

കേരളത്തിന്റെ സാമൂഹിക ആരോഗ്യ മേഖലയിൽ സാമൂഹിക നിർമിതിയിലും നിർണായകമായ പങ്ക് വഹിക്കുന്നവരാണ് ആശാ വർക്കർമാർ. കൂട്ടായ പ്രവർത്തനത്തിലൂടെയാണ് ആരോഗ്യ മേഖല മുന്നോട്ട് പോകുന്നത്. ആശവർക്കർമാരുടെ സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിനും വേതനം വർധിപ്പിക്കുന്നതിനുമുള്ള പരിശ്രമത്തിലാണ് സംസ്ഥാന സർക്കാരെന്നും മന്ത്രി പറഞ്ഞു. ആരോഗ്യ പ്രവർത്തകർ ഫീൽഡ് തലത്തിൽ ചെയ്യേണ്ട ജോലികൾ സംബന്ധിച്ച കൃത്യമായ മാർഗനിർദേശങ്ങൾ എങ്ങനെ ക്രോഡീകരിക്കണം എന്നതിനെപ്പറ്റിയുള്ള ഉത്തരവ് സർക്കാർ ഇതിനോടകം പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്



ഫലപ്രദമായി നടപ്പാക്കുന്നതിലൂടെ ആശാ വർക്കർമാരുടെ ജോലിഭാരം ഏറെക്കുറെ ലഘൂകരിക്കാൻ സാധിക്കും. ജില്ലയിലെ മുഴുവൻ ആശമാരെയും കേരള ബാങ്കിംഗിലൂടെ ഡിജിറ്റൽ ബാങ്കിംഗ് മേഖലയിലേക്ക് കൊണ്ടുവരുകയാണ്. കേരളത്തിലെ എല്ലാ സഹകരണ ബാങ്കുകളെയും ഏകോപിച്ചു കൊണ്ട് വലിയൊരു ലക്ഷ്യത്തോടെയാണ് കേരള ബാങ്ക് രൂപീകൃതമായത്. ബാങ്കിംഗ് മേഖലയിലെ ചൂഷണം ഒഴിവാക്കുന്നതിനു വേണ്ടിയുള്ള ശക്തമായ ജനകീയ ഇടപെടലാണ് കേരള ബാങ്കെന്നും മന്ത്രി പറഞ്ഞു.

ആരോഗ്യമേഖലയിലും ശുചിത്വ മേഖലയിലും അർപ്പണ മനോഭാവത്തോടെ പ്രവർത്തിക്കുന്ന രണ്ട് വിഭാഗക്കാരാണ് ആശാ പ്രവർത്തകരും, ഹരിത കർമ സേനാംഗങ്ങളുമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഓമല്ലൂർ ശങ്കരൻ പറഞ്ഞു. ചടങ്ങിൽ ആശാപ്രവർത്തകർക്കുള്ള ഡിജിറ്റൽ കാർഡ് വിതരണം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.



## കുട്ടികളിൽ സമ്പാദ്യശീലം വളർത്തിയെടുക്കുക ഏറെ പ്രധാനം: മന്ത്രി വീണാ ജോർജ്

**പത്തനംതിട്ട:** വ്യക്തികളിൽ, പ്രധാനമായും കുട്ടികളിൽ സമ്പാദ്യശീലം വളർത്തിയെടുക്കുന്നത് ഏറെ പ്രാധാന്യമർഹിക്കുന്ന കാര്യമാണെന്ന് ആരോഗ്യ, വനിതാ ശിശുക്ഷേമ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. ഇലവുംതിട്ട മൂലൂർ സ്മാരക സമിതി എസ്എൻഡിപി ഹാളിൽ മെഴുവേലി സർവീസ് സഹകരണ ബാങ്കിന്റെ ലഘുസമ്പാദ്യ പദ്ധതിയുടെയും എടിഎം കാർഡിന്റെയും ഉദ്ഘാടനവും 10, 12 ക്ലാസുകളിൽ മികച്ച വിജയം നേടിയ വിദ്യാർഥികൾക്കുള്ള അവാർഡ് വിതരണവും നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. ജില്ലാ സഹകരണ ബാങ്കുകളെ സമന്വയിപ്പിച്ച് കേരളാ ബാങ്ക് ഉൾപ്പടെയുള്ള ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കി സംസ്ഥാനം സഹകരണ മേഖലയിൽ മുന്നേറുകയാണ്. ഈ ഘട്ടത്തിൽ ഡിജിറ്റലൈസേഷൻ എന്ന പ്രധാനമായ പടവ് പിന്നിടുകയാണ് മെഴുവേലി സർവീസ് സഹകരണ ബാങ്കെന്നും മന്ത്രി പറഞ്ഞു.

ശിവദ്, ശരത്ത് എന്നീ കുട്ടികൾക്ക് വഞ്ചിക നൽകി ലഘുസമ്പാദ്യ പദ്ധതിയും മൂലൂർ സ്മാരക സമിതി സെക്രട്ടറി ഡി. പ്രസാദിന് നൽകി എടിഎം കാർഡിന്റെയും ഉദ്ഘാടനം മന്ത്രി നിർവഹിച്ചു. പത്ത്, പന്ത്രണ്ട് ക്ലാസുകളിൽ എല്ലാ വിഷയത്തിലും എ പ്ലസ് കരസ്ഥമാക്കിയ സഹകാരികളുടെ മക്കൾക്ക് അവാർഡ് നൽകി മന്ത്രി ആദരിച്ചു.

ബാങ്ക് പ്രസിഡന്റ് റ്റി.കെ. ജനാർദ്ദനൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ മുൻ എംഎൽഎ കെ.സി. രാജഗോപാലൻ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പിങ്കി ശ്രീധർ, ബാങ്ക് ഡയറക്ടർ ബോർഡ് അംഗം രാജു സഖറിയ, സഹകരണ സംഘം ഡെപ്യൂട്ടി രജിസ്ട്രാർ വി.ജി. അജയകുമാർ, അസിസ്റ്റന്റ് രജിസ്ട്രാർ ഡി. ശ്യാംകുമാർ, മുൻ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് റ്റി.വി. സ്റ്റാലിൻ, വാർഡ് അംഗം വി. വിനോദ്, ബാങ്ക് സെക്രട്ടറി ബിജി പുഷ്പൻ, ബോർഡ് അംഗങ്ങൾ, ബാങ്ക് ജീവനക്കാർ, വിദ്യാർഥികൾ, രക്ഷിതാക്കൾ തുടങ്ങിയവർ പങ്കെടുത്തു.

## പ്രതിഭാ പിന്തുണ പദ്ധതി

**കണ്ണൂർ:** ജില്ലാ പഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ദേശീയ അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുത്തവർക്ക് പ്രതിഭാ പിന്തുണ പദ്ധതിയിൽ അപേക്ഷ ക്ഷണിച്ചു. വിവിധ രംഗങ്ങളിൽ പ്രതിഭ തെളിയിച്ച പ്രതിഭാധനരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ടതും 30 വയസ് വരെ പ്രായമുള്ളവർക്കും അപേക്ഷിക്കാം. 2022, 2023 വർഷങ്ങളിൽ ഏതെങ്കിലും രംഗങ്ങളിൽ പ്രതിഭ തെളിയിച്ചവരാകണം. അപേക്ഷയോടൊപ്പം ഏത് മേഖലയിലാണ് പ്രതിഭ തെളിയിച്ചതെന്നതിന്റെ സർട്ടിഫിക്കറ്റ്, ജാതി, വരുമാനം (വരുമാന പരിധി മൂന്ന് ലക്ഷം രൂപ), നേറ്റിവിറ്റി സർട്ടിഫിക്കറ്റ്, ആധാർ, ബാങ്ക് അക്കൗണ്ട് എന്നിവ ഉൾക്കൊള്ളിക്കണം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി: ആഗസ്റ്റ് 23. ഫോൺ: 0497 2700596.

# ചെങ്ങന്നൂർ, ആറന്മുള ഭാഗം ഇനി ഉൾനാടൻ ജലപാത

**കോട്ടയം :**പുണ്യ നദിയായ പമ്പയുടെ ചെങ്ങന്നൂർ മുതൽ ആറന്മുള വരെയുള്ള ഭാഗം ഉൾനാടൻ ജലപാതയായി പ്രഖ്യാപിച്ചു. സംസ്ഥാന സർക്കാരിനു കീഴിലുള്ള ഉൾനാടൻ ജലഗതാഗത വകുപ്പാണു പ്രഖ്യാപനത്തിനു പിന്നിൽ. ആചാരത്തനിമയുടെ പര്യായമായ തിരുവോണത്തോണി എത്തുന്ന ക്ഷേത്രനഗരമെന്ന മുൻഗണന കൂടി കണക്കിലെടുത്താണ് ആറന്മുള വരെയുള്ള ഭാഗം പദ്ധതിയിൽ ഉൾപ്പെടുത്തിയത്.

8 കിലോമീറ്റർ വരും നിർദിഷ്ട ജലപാത. പമ്പയുടെ ആകെ നീളം 176 കിലോമീറ്ററാണ്. നിർദിഷ്ട ജലപാതയിൽ ചെങ്ങന്നൂർ കഴിഞ്ഞാൽ പ്രധാന കേന്ദ്രം കല്ലിശേരിയാണ്. തുടർന്ന് ആറാട്ടുപുഴയും കടന്ന് ഇടയാറന്മുള എത്തും. മാലക്കര വഴി ആറന്മുളയിൽ എത്തിച്ചേരാം. ജലപാതയുടെ തീരമേഖലകളിലെ നിക്ഷേപ സാധ്യതകളെപ്പറ്റി ഉടൻ പഠനം ആരംഭിക്കും. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാകും മാസ്റ്റർപ്ലാൻ തയാറാക്കുക.




# ഉദ്ഘാടനം കാത്ത് ഇടുക്കി ജില്ലയിലെ ആദ്യത്തെ ടോൾ പ്ലാസ

**മൂന്നാർ:** ജില്ലയിലെ ആദ്യത്തെ ടോൾ പ്ലാസ ദേവികുളത്ത് നിർമാണം പൂർത്തിയായി. കൊച്ചിധനുഷ് കോടി ദേശീയപാതയിൽ ദേവികുളം ലാക്കാടിന് സമീപമാണ് ജില്ലയിലെ ആദ്യത്തെ ടോൾ പ്ലാസ നിർമിച്ചിരിക്കുന്നത്. ദേശീയ പാതയിൽ പെട്ട മൂന്നാർ ബോഡിമെട്ട് പാതയുടെ നവീകരണത്തിന്റെ ഭാഗമായാണ് ടോൾ പ്ലാസ നിർമിച്ചത്. ഇരുവശങ്ങളിലേക്കുമായി വാഹനങ്ങൾ കടന്നു പോകുന്നതിനായി 6 കവാടങ്ങളും 7 ടിക്കറ്റ് കൗണ്ടറുകളുമാണ് നിർമിച്ചിട്ടുള്ളത്.

വലുതും ചെറുതുമായ വാഹനങ്ങളുടെ നിരക്കും സ്ഥിരം യാത്രികരായ പ്രദേശവാസികളുടെ വാഹനങ്ങൾക്കുള്ള നിരക്കുകളും സംബന്ധിച്ച് ദേശീയപാതാ അധികൃതർ തീരുമാനിക്കും. നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയായ ദേശീയപാതയുടെ ഉദ്ഘാടനത്തോടൊപ്പം ടോൾ പ്ലാസയും പ്രവർത്തനമാരംഭിക്കും. കേന്ദ്ര ഗതാഗത മന്ത്രി നിതിൻ ഗഡ്കരിയുടെ സന്ദർശന തീയതി ലഭിക്കുന്നതിലെ താമസമാണ് ഉദ്ഘാടനം നീണ്ടു പോകാൻ കാരണമെന്ന് അധികൃതർ പറഞ്ഞു. 2017 സെപ്റ്റംബറിലാണ് 381.76 കോടി രൂപ ചെലവിൽ മൂന്നാർ മുതൽ ബോഡിമെട്ട് വരെയുള്ള ഭാഗത്തെ പാതയുടെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചത്. മഴക്കാലത്ത് തുടർച്ചയായി ദേവികുളം ഗ്യാപ് റോഡിൽ മണ്ണിടിച്ചിലുണ്ടായതാണ് നിർമാണം പൂർത്തിയാകാൻ വർഷങ്ങൾ വേണ്ടിവന്നത്.

# മലബാർ റിവർ ഫെസ്റ്റിവൽ: മൺസൂൺ സൈക്കിൾ യാത്രക്ക് സ്വീകരണം നൽകി

**കോഴിക്കോട്:** സംസ്ഥാന ടൂറിസം വകുപ്പ് ആഗസ്റ്റ് 4,5,6 തിയ്യതികളിൽ ചാലിപ്പുഴയിലും ഇരുവഴിഞ്ഞിപ്പുഴയിലുമായി സംഘടിപ്പിക്കുന്ന മലബാർ റിവർ ഫെസ്റ്റിവൽ രാജ്യാന്തര വൈറ്റ് വാട്ടർ കയാക്കിങ് ചാംപ്യൻഷിപ്പിന്റെ പ്രചരണാർഥം സംഘടിപ്പിച്ച മൺസൂൺ സൈക്കിൾ യാത്രക്ക് പുലിക്കയത്ത് സ്വീകരണം നൽകി. കോഴിക്കോട് ടൗൺ, അരീക്കോട്, കൽപറ്റ എന്നിവിടങ്ങളിൽ നിന്നും കയാക്കിങ് ഉദ്ഘാടന വേദിയായ പുലിക്കയത്തേക്ക് എത്തിയ സൈക്കിൾ യാത്രക്ക് ലിന്റോ ജോസഫ് എം എൽഎയുടെ നേതൃത്വത്തിലാണ് സ്വീകരണം നൽകിയത്. കോടഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അലക്സ് തോമസ് അധ്യക്ഷത വഹിച്ചു.

കൽപറ്റ ആനപ്പാലം ജംഗ്ഷനിൽ നിന്നും ആരംഭിച്ച സൈക്കിൾ യാത്ര ടി.സിദ്ദിഖ് എംഎൽഎയും മാനാഞ്ചിറയിൽ നിന്നാരംഭിച്ച സൈക്കിൾ യാത്ര സ്പോർട്സ് കൗൺസിൽ ജില്ലാ പ്രസിഡന്റ് ഒ രാജഗോപാലും ഫ്ലാഗ് ഓഫ് ചെയ്തു.

കേരള അഡ്വഞ്ചർ ടൂറിസം പ്രമോഷൻ സൊസൈറ്റി, ഡിടിപിസി, വിവിധ ക്ലബുകൾ, സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെയാണ് മൺസൂൺ സൈക്കിൾ യാത്ര സംഘടിപ്പിച്ചത്.

തിരുവമ്പാടി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് മേഴ്സി പുളിക്കാട്ട്, ജില്ലാ പഞ്ചായത്ത് മെമ്പർ ബോസ് ജേക്കബ്, കോടഞ്ചേരി ഗ്രാമപഞ്ചായത്ത് സ്റ്റാന്റിങ് കമ്മറ്റി ചെയർമാൻ ജോസ് പെരുമ്പള്ളി, അഡ്വെഞ്ചർ ടൂറിസം സി.ഇ.ഒ ബിനു കുര്യാക്കോസ്, മലബാർ സ്പോർട്സ് അക്കാദമി ചെയർമാൻ പി.ടി അഗസ്റ്റിൻ, സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗങ്ങൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

## യൂത്ത്ഫെസ്റ്റ് 2023: എൻട്രികൾ ക്ഷണിച്ചു

**പത്തനംതിട്ട:** വിദ്യാർഥികൾക്കിടയിൽ എച്ച്ഐവി/എയ്ഡ്സിനെക്കുറിച്ച് അവബോധം ഉണ്ടാകുക എന്ന ലക്ഷ്യത്തോടെ കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയും സംസ്ഥാന ആരോഗ്യ കുടുംബക്ഷേമവകുപ്പും വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. ആഗസ്റ്റ് 12 ന് ആചരിക്കുന്ന അന്താരാഷ്ട്ര യുവജന ദിനത്തിന് മുന്നോടിയായി ജില്ലാതലമത്സരങ്ങൾ നടത്തുന്നു. സ്കൂൾ വിദ്യാർഥികൾക്കായി ക്വിസ് മത്സരവും കോളജ് വിദ്യാർഥികൾക്കായി നാടകം, റീൽസ് എന്നീ ഇനങ്ങളിലും മത്സരം നടത്തുന്നു. ക്വിസ് മത്സരത്തിന് ഒരു സ്കൂളിൽ നിന്നും ഒരു ടീമിന് പങ്കെടുക്കാം. ഐടിഐ, പോളിടെക്നിക്, ആർട്സ് ആൻഡ് സയൻസ്, പ്രൊഫഷണൽ കോളജ് തുടങ്ങി എല്ലാ കോളജുകൾക്കും മത്സരത്തിൽ പങ്കെടുക്കാം. ക്വിസ് മത്സരത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് യഥാക്രമം 5000, 4000, 3000 രൂപയും നാടക മത്സരത്തിന് 8000, 5000, 3000 രൂപയും, റീൽസിന് 1000,750, 500 രൂപയുമാണ് സമ്മാന തുക. പങ്കെടുക്കാൻ താൽപര്യമുള്ളവർ dacopathanamthitta@gmail.com എന്ന മെയിലിലേക്കോ 9496109189 എന്ന വാട്സാപ്പ് നമ്പരിലേക്കോ പേര്, വയസ്, പഠിക്കുന്ന കോഴ്സ്, സ്ഥാപനത്തിന്റെ പേര്, പങ്കെടുക്കുന്ന ഇനം, മൊബൈൽ നമ്പർ എന്നിവ സഹിതം ആഗസ്റ്റ് രണ്ടിന് വൈകുന്നേരം അഞ്ചിന് മുൻപായി രജിസ്റ്റർ ചെയ്യണം. മത്സരങ്ങൾ നടത്തുന്ന തീയതി, സ്ഥലം, സമയം എന്നിവ പിന്നീട് അറിയിക്കുമെന്ന് പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.എൽ.അനിതകുമാരി അറിയിച്ചു.

# സർക്കാരിന്റെ പ്രഥമ പരിഗണന വിദ്യാഭ്യാസത്തിന്: മന്ത്രി ജി ആർ അനിൽ

**കൊടുങ്ങല്ലൂർ:** മികവിന്റെ കേന്ദ്രങ്ങളായി സർക്കാർ സ്കൂളുകൾ മാറിയെന്നും മറ്റെന്തിനെക്കാൾ പ്രാധാന്യം വിദ്യാഭ്യാസ രംഗത്തിനാണ് സർക്കാർ നൽകുന്നതെന്നും ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി അഡ്വ. ജി ആർ അനിൽ. കൊടുങ്ങല്ലൂർ നിയോജക മണ്ഡലത്തിലെ മികവ് വിദ്യാഭ്യാസ പ്രതിഭാ പുരസ്കാര സമർപ്പണം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി.



പൊതുവിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം എന്നീ മേഖലകൾ ശക്തമാക്കാൻ സർക്കാർ മികച്ച ഇടപെടൽ നടത്തുകയാണെന്നും അവസാന വർഷങ്ങളിലെ കണക്കുകൾ പരിശോധിച്ചാൽ ആരെയും അത്ഭുതപ്പെടുത്തുന്ന തരത്തിലുള്ള മാറ്റമാണ് വിദ്യാഭ്യാസ രംഗത്ത് വന്നതെന്നും മന്ത്രി പറഞ്ഞു.

കൊടുങ്ങല്ലൂർ നിയോജക മണ്ഡലത്തിലെ എല്ലാ സ്കൂളുകളും 100 ശതമാനം വിജയം കരസ്ഥമാക്കിയത് ഏറെ അഭിമാനകരമാണ്. സർക്കാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പിടിഎ, അധ്യാപകരെല്ലാം ഒരേ മനസ്സോടെ നീങ്ങിയതിന്റെ പ്രകടമായ ഫലമാണിതെന്നും മന്ത്രി പറഞ്ഞു.

പൊതുവിദ്യാഭ്യാസ മേഖലയിൽ സർക്കാരിന്റെ പ്രത്യേകമായ ഇടപെടലിന്റെ ഫലമായി സ്വകാര്യ സ്കൂളുകളെ വെല്ലുന്ന തരത്തിലുള്ള സൗകര്യങ്ങൾ വിദ്യാഭ്യാസ മേഖലയിലുണ്ടായി. മികച്ച പഠനാന്തരീക്ഷം, അടിസ്ഥാനസൗകര്യ വികസനം, മികവാർന്ന പഠനരീതി, അധ്യാപകരുടെ ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭ്യമാക്കാനുള്ള പരിശ്രമങ്ങൾ ഇതെല്ലാം യാഥാർഥ്യമാക്കി. പ്രീ പ്രൈമറി മുതൽ പൊതുവിദ്യാഭ്യാസ രംഗത്ത് ഇതിന്റെ ഗുണഫലങ്ങൾ കാണാൻ കഴിയുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

ചടങ്ങിൽ മികച്ച ബാലതാരത്തിനുള്ള സംസ്ഥാന ചലച്ചിത്ര പുരസ്കാരം നേടിയ മാസ്റ്റർ ഡാവിഞ്ചി, മികച്ച കുട്ടികളുടെ സിനിമയായി തെരഞ്ഞെടുത്ത പല്ലൊട്ടി 90 കിഡ്സിന്റെ സംവിധായകൻ ജിതിൻ രാജ്, സംസ്ഥാന അധ്യാപക അവാർഡ് നേടിയ സരസു ടീച്ചർ, സംസ്ഥാന സർക്കാരിന്റെ ഐ സി ഡി എസ് അവാർഡ് നേടിയ വെള്ളാങ്ങല്ലൂരിലെ 61 നമ്പർ അങ്കണവാടി, 'കരിങ്കാളിയല്ലേ' എന്ന പ്രശസ്ത ഗാനം ആലപിച്ച അനൂപ് പുതിയേടത്ത്, മാതൃക മാതാപിതാക്കളായ ലൈബി, ഉണ്ണി എന്നിവരെയും മന്ത്രി ചടങ്ങിൽ ആദരിച്ചു.

ചടങ്ങിൽ നിയോജകമണ്ഡലത്തിലെ 2023 വർഷത്തിൽ എസ് എസ്എൽസി, പ്ലസ് ടു, സിബിഎസ്ഇ, ഐസിഎസ്ഇ പരീക്ഷകളിൽ മുഴുവൻ വിഷയങ്ങളിലും യഥാക്രമം എ പ്ലസ്, എ വൺ നേടിയ വിദ്യാർത്ഥികളെയും 100 ശതമാനം വിജയം നേടിയ സ്കൂളുകളെയും മന്ത്രി പുരസ്കാരം നൽകി അനുമോദിച്ചു.

മാള കാർമ്മൽ കോളേജ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി കെ ഡേവിസ് മാസ്റ്റർ, പ്രശസ്ത സിനിമതാരം ജോജു ജോർജ്, എഴുത്തുകാരനും സിനിമ താരവുമായ വി കെ ശ്രീരാമൻ എന്നിവർ മുഖ്യാതിഥികളായി.

അഡ്വ. വി ആർ സുനിൽ കുമാർ എംഎൽഎ അധ്യക്ഷനായ ചടങ്ങിൽ കൊടുങ്ങല്ലൂർ നഗരസഭ ചെയർപേഴ്സൺ ടി കെ ഗീത, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരായ സന്ധ്യ നൈസൺ, വിജയലക്ഷ്മി വിനയചന്ദ്രൻ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, സംഘാടക സമിതി ജനറൽ കൺവീനർ കെ.വി വസന്ത് കുമാർ, മറ്റു ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# ഇ ഇൻവോയ്സിങ്: എംഎസ്എംഇകളെ സഹായിക്കാൻ ടാലി സൊല്യൂഷൻസ്

**കൊച്ചി:** അഞ്ചു കോടി രൂപയോ അതിലധികമോ വിറ്റുവരവുള്ള എറണാകുളത്തെ എംഎസ്എംഇകളെ ഇ ഇൻവോയ്സിങ് മാൻഡേറ്റ് സുഗമവും ഫലപ്രദവുമായി നടപ്പാക്കാൻ സഹായിക്കാൻ തയ്യാറായി ടാലി സൊല്യൂഷൻസ്. ടാലി പ്രൈം 3.0 എന്ന സമഗ്രവും സംയോജിതവുമായ സേവനം വഴി ഇഇൻവോയ്സിങ് ഫലപ്രദമായി കൈകാര്യം ചെയ്യാനും സാധിക്കുമെന്ന് ടാലി സൊല്യൂഷൻസ് ഇന്ത്യ ബിസിനസ് മേധാവി ജോയ്സ് റേ പറഞ്ഞു. നിയന്ത്രണ സ്ഥാപനങ്ങൾ നിഷ്കർഷിച്ചിട്ടുള്ള രീതിയിൽ അവ പാലിക്കുന്നതു തുടരാനായി ആവശ്യമായ മാറ്റങ്ങൾക്കായി നടത്തേണ്ട കാര്യങ്ങളെ കുറിച്ച് എറണാകുളത്തെ ബിസിനസുകൾക്കിടയിൽ അവബോധം വളർത്താനുള്ള വിപുലമായ ശ്രമങ്ങളാണു നടത്തുന്നത്.ഇഇൻവോയ്സിങ്, ഇവേബിൽ, ഓഡിറ്റ് ട്രയൽ എന്നിവയുടെ പരിണിത ഫലങ്ങൾ, സുഗമമായ മാറ്റത്തോടൊപ്പം ബിസിനസ് ഉൽപാദനക്ഷമതയും ലാഭക്ഷമതയും വർധിപ്പിക്കുന്നതിൽ സാങ്കേതികവിദ്യയ്ക്കുള്ള പങ്ക് തുടങ്ങിയവ എറണാകുളത്തുള്ള 49216 ബിസിനസുകൾക്കു മനസിലാക്കി കൊടുക്കുകയാണ് ലക്ഷ്യം. നവീനമായ റിപോർട്ടിങ് ശേഷിയുമായുള്ള പുതുക്കിയ കംപ്ലയൻസ് എഞ്ചിൻ, ഒന്നിലേറെ ജിഎസ്ടി എന്നുകൾ കൈകാര്യം ചെയ്യാനുള്ള സംവിധാനവുമായി പ്രത്യേകമായുള്ള രൂപകൽപന തുടങ്ങിയവ ടാലി അടുത്തിടെ അവതരിപ്പിച്ച ടാലി പ്രൈം 3.0ൽ ഉണ്ട്.അഞ്ചു കോടി രൂപയിൽ കൂടുതൽ വിറ്റുവരവുള്ള സ്ഥാപനങ്ങൾക്ക് ആഗസ്റ്റ് ഒന്നു മുതൽ ഇഇൻവോയ്സിങ് നിർബന്ധമാക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനം നിയന്ത്രണ സംവിധാനങ്ങൾക്കു കീഴിലുള്ള ബിസിനസുകളെ സംബന്ധിച്ച് ഒരു നാഴികക്കല്ലാണെന്ന്ജോയ്സ് റേ പറഞ്ഞു. മൂന്നു ദശാബ്ദത്തിലേറെ സമഗ്ര ബിസിനസ് സേവനങ്ങൾ ലഭ്യമാക്കുകയും എംഎസ്എംഇ വിഭാഗത്തിൻറെ ആവശ്യങ്ങൾ സംബന്ധിച്ച് ആഴത്തിലുള്ള അറിവു പുലർത്തുന്നതുമായ ടാലി 2.3 ദശലക്ഷത്തിലേറെ ബിസിനസുകളെയാണ് വർഷങ്ങളായി സഹായിക്കുന്നത്. 28,000ൽ ഏറെ പങ്കാളികളുമായുള്ള കമ്പനിയുടെ വിപുലമായ ശൃംഖല രാജ്യത്തിൻറെ മുഴുവൻ ഭാഗത്തും സേവനങ്ങൾ എത്തുന്നു എന്ന് ഉറപ്പാക്കുന്നു. ടാലിയുടെ ഉപഭോക്തൃ സൗഹൃദ സ്വഭാവവും വിശ്വാസ്യതയും സ്വീകരിക്കാനാവുന്ന സംവിധാനങ്ങളും അതിനെ ഇന്ത്യയിലെ ചെറുകിട, ഇടത്തരം വലുപ്പത്തിലുള്ള ബിസിനസുകളുടെ പ്രിയപ്പെട്ട തെരഞ്ഞെടുപ്പാക്കി മാറ്റുകയും ചെയ്തു.

POWER OF SIMPLICITY

# ചെറുകിട ലബോറട്ടറികളെ സംരക്ഷിക്കണം : എം.എൽ.ഒ.എ



**കൊച്ചി:** ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിലെ അപാകതകൾ പരിഹരിക്കണമെന്നും ചെറുകിട ലബോറട്ടറികളെ സംരക്ഷിക്കണമെന്നും മെഡിക്കൽ ലബോറട്ടറി ഓണേഴ്സ് അസോസിയേഷൻ(എം.എൽ.ഒ.എ) എറണാകുളം ജില്ലാ സമ്മേളനം സർക്കാരിനോട് ആവശ്യപ്പെട്ടു. കുത്തകകളെ പ്രോൽസാഹിപ്പിക്കുന്ന നടപടികളിൽ നിന്നും സർക്കാർ പിന്മാറുകയും തൊഴിൽ ചെയ്ത് ജീവിക്കാൻ തങ്ങളെ അനുവദിക്കണമെന്നും എം.എൽ.ഒ.എ സമ്മേളനം ആവശ്യപ്പെട്ടു. എറണാകുളം ഹോട്ടൽ എക്സലൻസിയിൽ നടന്ന ജില്ലാ കൺവെൻഷൻ ജില്ലാ മെഡിക്കൽ ഓഫിസർ കെ.കെ ആശ ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് ബിജു നമ്പിത്താനം അധ്യക്ഷത വഹിച്ചു.അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് വിജയൻ പിള്ള മുഖ്യപ്രഭാഷണം നടത്തി.സംസ്ഥാന ജനറൽ സെക്രട്ടറി രജീഷ്കുമാർ സംഘടനാ പ്രവർത്തനം സംബന്ധിച്ച് വിശദീകരണം നടത്തി. സംസ്ഥാന ട്രഷറർ ജോയ് ദാസ്, ഡോ.ജെ.സുരേഷ്കുമാർ, ആന്റണി എലിജിയസ്, ജോമി പോളി, ജി.മുരളി, കെ.എച്ച് മനോജ്, സി.ജെ ഏലിയാസ്, ഡോ. രമേഷ്കുമാർ തുടങ്ങിയവർ പ്രസംഗിച്ചു.

# വ്യോമയാന സുരക്ഷാ വാരാഘോഷത്തിന് സിയാലിൽ തുടക്കം



**കൊച്ചി:**കൊച്ചി അന്താരാഷ്ട്ര വിമാനത്താവള ലിമിറ്റഡിൽ (സിയാൽ) വ്യോമയാന സുരക്ഷാ വാരാഘോഷത്തിന് കൂട്ടനടത്തത്തോടെ (വാക്കത്തോൺ) തുടക്കം കുറിച്ചു. ആഗസ്ത് 5 വരെയാണ് ആഘോഷങ്ങൾ. സിയാലിലെയും അനുബന്ധ കമ്പനികളിലേയും ജീവനക്കാർ, സി.ഐ.എസ്.എഫ്, കേരള പോലീസ് ഉദ്യോഗസ്ഥർ, വിവിധ എയർലൈൻ ജീവനക്കാർ, ഗ്രൗണ്ട് ഹാൻഡ്‌ലിംഗ് ജീവനക്കാർ, ഏവിയേഷൻ വിദ്യാർത്ഥികൾ, സ്വകാര്യ സുരക്ഷാ ഏജൻസികൾ എന്നിവരുൾപ്പെടെ 550ലധികം പേർ പങ്കെടുത്തു. ഉദ്ഘാടന വേളയിൽ, ബ്യൂറോ ഓഫ് സിവിൽ ഏവിയേഷൻ സെക്യൂരിറ്റി (ബി.സി.എ.എസ്) റീജിയണൽ ഹെഡ് അനിൽ കുമാർ, ബി.സി.എ.എസ് അസിസ്റ്റന്റ് ഡയറക്ടർ സഞ്ജയ് ശർമ എന്നിവർ യഥാക്രമം ഇംഗ്ലീഷിലും ഹിന്ദിയിലും വ്യോമയാന സുരക്ഷാ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. സിയാലിൽ ഒരാഴ്ച നീണ്ടുനിൽക്കുന്ന വ്യോമയാന സുരക്ഷാ ആഘോഷങ്ങൾക്ക് തുടക്കം കുറിച്ച് കൊണ്ട് കൂട്ടനടത്തം (വാക്കത്തോൺ) എയർപോർട്ട് ഡയറക്ടർ മനു ജി. ഔദ്യോഗികമായി ഫ് ളാഗ് ഓഫ് ചെയ്തു. വാക്കത്തോണിന് ശേഷം സി.ഐ.എസ്.എഫ് ഏവിയേഷൻ സെക്യൂരിറ്റി ഗ്രൂപ്പ് (എ.എസ്.ജി) ഡോഗ് സ്ക്വാഡിന്റെ അഭ്യാസപ്രകടനങ്ങളും ഉണ്ടായിരുന്നു. ബി.സി.എ.എസ്സും കേന്ദ്ര സിവിൽ ഏവിയേഷൻ മന്ത്രാലയവും സംയുക്തമായി സംഘടിപ്പിക്കുന്ന ഈ സംരംഭം, 'നോക്കുക, അറിയിക്കുക, സുരക്ഷിതരാവുക' എന്ന ആശയമാണ് മുന്നോട്ട് വയ്ക്കുന്നത്. സമാധാനപരവും സുരക്ഷിതവുമായ വിമാനയാത്രാനുഭവത്തിന് ആവശ്യമായ അടിസ്ഥാനപരവും നിർണായകവുമായ പ്രവർത്തനങ്ങളെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം വളർത്താൻ ലക്ഷ്യമിട്ടാണ് വ്യോമയാന സുരക്ഷാ വാരാചരണം സംഘടിപ്പിച്ചിരിക്കുന്നത്. സെമിനാറുകൾ, ഫ്ലാഷ് മോബുകൾ, സ്കൂൾ വിദ്യാർത്ഥികളുടെ വിമാനത്താവള സന്ദർശനം, ക്വിസ് ഉപന്യാസ മത്സരങ്ങൾ എന്നിവയ്ക്കൊപ്പം വ്യോമയാന സുരക്ഷയുടെ പ്രാധാന്യം ശക്തിപ്പെടുത്തുന്നതിനും സുരക്ഷാ മേഖലയിൽ സജീവ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിനുമായി രൂപകൽപ്പന ചെയ്തിട്ടുള്ള വിപുലമായ പരിപാടികളാണ് സിയാൽ ആസൂത്രണം ചെയ്തിരിക്കുന്നത്. ആഗസ്ത് 5 ന് സമാപനമാകും.

# ജന സ്മോൾ ഫിനാൻസ് ബാങ്ക് ഐപിഒയ്ക്ക്

**കൊച്ചി:** ഗ്രാമീണ മേഖലയിലടക്കം രാജ്യത്താകെ 754 സേവന കേന്ദ്രങ്ങളുള്ള ജന സ്മോൾ ഫിനാൻസ് ബാങ്ക് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. 10 രൂപ മുഖവിലയുള്ള 575 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും നിലവിലുള്ള നിക്ഷേപകരുടെ 4,051,516 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ്, ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ്, എസ്ബിഐ ക്യാപിറ്റൽ മാർക്കറ്റ്സ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# ലഹരിക്കെതിരെ 'മെഗാ ബോധവത്കരണ യജ്ഞം



**കൊച്ചി:**എക്സൈസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിമുക്തി മിഷൻ ജില്ലയിൽ നടത്തുന്ന 'മെഗാ ബോധവത്ക്കരണ യജ്ഞ'ത്തിന്റെ ജില്ലാ തല ഉദ്ഘാടനം ആന്റണി ജോൺ എം.എൽ.എ നിർവ്വഹിച്ചു. പരിപാടിയുടെ ഭാഗമായി കോതമംഗലം മാർ അത്തനേഷ്യസ് എൻജിനീയറിംഗ് കോളേജിലെ 30 എൻ.എസ്.എസ് വൊളിയേഴ്സിനാണ് ലഹരിവിരുദ്ധ പരിശീലനം നൽകിയത്. ഇവരുടെ നേതൃത്വത്തിൽ തിരഞ്ഞെടുക്കപ്പെട്ട 15 സ്കൂളുകളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കും. തുടർന്നുള്ള മാസങ്ങളിലും ഓരോ കോളേജുകളെ തിരഞ്ഞെടുത്ത് വിദ്യാർത്ഥികൾക്ക് പരിശീലനം നൽകും .ഇവരുടെ നേതൃത്വത്തിൽസ്ക്കൂൾ വിദ്യാർത്ഥികൾക്ക് ബോധവത്ക്കരണ ക്ലാസ്സ് നൽകുകഎന്നതാണ് പദ്ധതികൊ് ഉദ്ദേശിക്കുന്നത്. കോതമംഗലം സെന്റ് തോമസ് ഹാളിൽ സംഘടിപ്പിച്ച ചടങ്ങിൽ മാർ ബേസിൽ ഹയർ സെക്കനി സ്കൂൾ മാനേജർ കെ.പി ജോർജ് അധ്യക്ഷത വഹിച്ചു. എറണാകുളം മധ്യമേഖല ജോയിന്റ് എക്സ്സൈസ് കമ്മീഷണർ എൻ.അശോക് കുമാർ, കോതമംഗലം എക്സ്സൈസ് സർക്കിൾ ഇൻസ്പെക്ടർ പി.ശ്രീരാജ്, വിമുക്തി മിഷൻ ജില്ലാ കോ ഓഡിനേറ്റർ ബിബിൻ ജോർജ്, മാർ അത്തനേഷ്യസ് എഞ്ചിനിയറിംഗ് കോളേജ് പ്രിൻസിപ്പാൾ ബോസ് മാത്യു ജോസ്, മാർ ബേസിൽ ഹയർ സെക്കനി സ്കൂൾ ഹെഡ്മിസ്ട്രസ് ബിന്ദു വർഗീസ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

# കളമശ്ശേരി അസാപ്പിൽ പ്രവേശനം ആരംഭിച്ചു

**കൊച്ചി:** സംസ്ഥാന സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള അസാപ് കേരള വനിതകൾക്കും പിന്നാക്ക വിഭാഗത്തിൽപെട്ട വ്യക്തികൾക്കുമായി പരിശീലനം ആരംഭിക്കുന്നു. ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ് (നഴ്സിംഗ് ഹെൽപ്പർ വനിതകൾ), മൊബൈൽ ഹാർഡ് വെയർ റിപ്പയർ ടെക്നിഷ്യൻ എന്നീ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 9778598336 / 9847639888 അല്ലെങ്കിൽ കളമശ്ശേരി കമ്മ്യൂണിറ്റി സ്കിൽ പാർക്ക് സന്ദർശിക്കുക.

# അത്യാധുനിക ഡീഹ്യുമിഡിഫയർ പുറത്തിറക്കി ഷാർപ്പ്



**കൊച്ചി:** ഷാർപ്പ് കോർപ്പറേഷൻ ജപ്പാന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള ഉപവിഭാഗമായ ഷാർപ്പ് ബിസിനസ് സിസ്റ്റംസ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡിന്റെ മൈക്രോവേവിലെ പുതിയ 'കുക്ക് വണ്ടർ' സീരീസ്, എയർ പ്യൂരിഫയർ സഹിതമുള്ള അത്യാധുനിക ഡീഹ്യുമിഡിഫയർ എന്നിവ പുറത്തിറക്കുന്നതായി് പ്രഖ്യാപിച്ചു.വിപുലമായ ഗവേഷണത്തിന്റെയും വികസനത്തിന്റെയും പൂർണ്ണതയാണ് അത്യാധുനിക സവിശേഷതകളും ഉപയോക്തൃ സൗഹൃദമായ പ്രവർത്തനങ്ങളും ഉൾക്കൊള്ളുന്നതാണ് 'കുക്ക് വണ്ടർ' മൈക്രോവേവ് സീരീസ്. എന്ന് അധികൃതർ വ്യക്തമാക്കി. ലളിതമായി മെച്ചപ്പെട്ട ജീവിതം എന്ന ബ്രാൻഡ് വാഗ്ദാനങ്ങൾ നിറവേറ്റുന്നതിനുള്ള തങ്ങളുടെ പ്രതിജ്ഞാബദ്ധതയിൽ ഷാർപ്പ് ഉറച്ചുനിൽക്കുന്നതായി .'ഒസാമു നരിറ്റ(ഷാർപ്പ് മാനേജിംഗ് ഡയറക്ടർ, ബിസിനസ് സിസ്റ്റംസ് ഇന്ത്യ പൈവറ്റ് ലിമിറ്റഡ്) പറഞ്ഞു.നൂതനമായ പാചക ഉപകരണങ്ങൾ രൂപകൽപ്പന ചെയ്യുന്നതിൽ ദശാബ്ദങ്ങളുടെ അനുഭവപരിചയം ഉള്ളതിനാൽ, തങ്ങളുടെ പുതിയ 'കുക്ക് വണ്ടർ' മൈക്രോവേവ് സീരീസ് അവതരിപ്പിക്കുന്നതിൽ ഏറെ സന്തോഷമുണ്ട്. ഉപഭോക്താക്കൾക്ക് അവരുടെ ദൈനംദിന ജീവിതം മെച്ചപ്പെടുത്തുന്ന അത്യാധുനിക ഉൽപ്പന്നങ്ങൾ എത്തിക്കുന്ന 'മേക്ക് ഇൻ ഇന്ത്യ' സംരംഭവുമായി മികച്ച ജാപ്പനീസ് സാങ്കേതികവിദ്യ സമന്വയിപ്പിക്കുക എന്നതാണ് തങ്ങളുടെ ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു.തങ്ങളുടെ നൂതനമായ ഗൃഹോപകരണങ്ങൾ വിപുലമായ ഉപഭോക്താക്കൾക്ക് ലഭ്യമാകുമെന്ന് ഉറപ്പാക്കാൻ തങ്ങൾ വിൽപ്പന ശൃംഖല സജീവമായി വിപുലീകരിക്കുകയാണെന്നും ഇന്ത്യൻ ഉപഭോക്താക്കളുടെ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ആവശ്യങ്ങൾ മികച്ച രീതിയിൽ നിറവേറ്റാനായി പ്രാദേശികമായ ഉൽപ്പാദനത്തിൽ വലിയ തോതിലുള്ള നിക്ഷേപം നടത്തുന്നുവെന്നും ഷാർപ്പ് അപ്ലയൻസസ് വിഭാഗം വൈസ് പ്രസിഡന്റ് മിമോഹ് ജെയിൻ പറഞ്ഞു.പുതുതായി അവതരിപ്പിച്ച മൈക്രോവേവ് സീരീസിന്റെ വില 5,990 രൂപയിൽ ആരംഭിക്കുന്നു. ഡീഹ്യുമിഡിഫയർ 49,990 രൂപ ചില്ലറ വിലയിൽ ലഭ്യമാകും. ഈ പുതിയ ഉൽപ്പന്നങ്ങളെക്കുറിച്ച് കൂടുതലറിയുന്നതിനോ ഒരു പ്രാദേശിക ഡീലറെ കണ്ടെത്തുന്നതിനോ ശി.വെമ്യു സന്ദർശിക്കുക. ഉൽപ്പന്നങ്ങൾ ഓഫ്‌ലൈനിലും ഓൺലൈൻ ചാനലുകളിലും ലഭ്യമാണെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# ഹോണ്ട എലിവേറ്റിന്റെ പ്രൊഡക്ഷൻ ആരംഭിച്ച് ഹോണ്ട




**ന്യൂഡൽഹി:** ഇന്ത്യയിലെ പ്രമുഖ പ്രീമിയം കാർ നിർമ്മാതാക്കളായ ഹോണ്ട കാർസ് ഇന്ത്യാ ലിമിറ്റഡ് (എച്ച് സി ഐ എൽ) തങ്ങളുടെ പുതിയ ഇടത്തരം എസ് യു വി ആയ ഹോണ്ട എലിവേറ്റിന്റെ പ്രൊഡക്ഷൻ ആരംഭിച്ചു. രാജസ്ഥാനിലെ തപൂക്കരയിലുള്ള കമ്പനിയുടെ അത്യാധുനിക കേന്ദ്രത്തിലാണ് കാറിന്റെ പ്രൊഡക്ഷന് തുടക്കം കുറിച്ചത്.ഇതോടെ ആഗോള എസ് യു വി ആദ്യമായി നിർമ്മിക്കുന്ന രാജ്യമായി ഇന്ത്യ മാറി. 90%ലധികം പ്രാദേശികവൽക്കരണത്തോടേയാണ് എലിവേറ്റ് നിർമ്മിക്കുക.സെപ്റ്റംബറിലാണ് പുതുപുത്തൻ ഹോണ്ട എലിവേറ്റിന്റെ പുറത്തിറക്കലും വിതരണവും ഒരുപോലെ ആരംഭിക്കുന്നത്. പുറത്തിറക്കലിനു മുൻപുള്ള എലിവേറ്റിന്റെ ബുക്കിങ്ങ് നിലവിൽ തന്നെ കമ്പനി ആരംഭിച്ചു കഴിഞ്ഞിരിക്കുന്നു.തങ്ങളുടെ എസ് യു വി നിർമ്മാണ യാത്രയിലെ നിർണ്ണായക നാഴികക്കല്ലാണ് താണ്ടുന്നതെന്ന് ഹോണ്ട കാർസ് ഇന്ത്യാ ലിമിറ്റഡിന്റെ പ്രസിഡന്റും സി ഇ ഒ യുമായ തക്കുയ സുമുറ പറഞ്ഞു.ഇടത്തരം എസ് യു വി കളുടെ ഗണത്തിൽ ഹോണ്ടയുടെ ഏറ്റവും പുതിയ വാഗ്ദാനമായ എലിവേറ്റ് കരുത്തുറ്റതും ബാഹ്യ രൂപകൽപ്പനയ്ക്കൊപ്പം ആകർഷകമായ മുൻഭാഗം, തിളങ്ങുന്ന ക്യാരക്ടർ ലൈനുകൾ, അനുപമമായ പിൻഭാഗ രൂപകൽപ്പന എന്നിവയെല്ലാം കോർത്തിണക്കി കൊണ്ട് അതിശക്തമായ റോഡ് സാന്നിദ്ധ്യമുള്ള ഒരു വാഹനമായാണ് സൃഷ്ടിച്ചെടുത്തിരിക്കുന്നത്. എലിവേറ്റ് വാഗ്ദാനം ചെയ്യുന്നത് അൽഭുതപ്പെടുത്തുന്ന വിശാലമായ അകത്തളവും ഉന്നത നിലവാരമുള്ള വീൽ ബെയ്സും വിശാലമായ ഹെഡ് റൂമും കാൽമുട്ടുകൾക്കുള്ള ഇടവും ലഗ്ഗ്റൂമും 458 ലിറ്റർ വ്യാപ്തിയുള്ള വലിയ കാർഗോ സ്പേസുമാണ്. വി ടി സിയോടു കൂടിയ 1.5 ലിറ്റർ ഐവിടെക് ഡിഒഎച്ച്സി പെട്രോൾ എഞ്ചിനാണ് എലിവേറ്റിന് കരുത്ത് നൽകുന്നത്. 6സ്പീഡ് മാന്വൽ ട്രാൻസ്മിഷൻ (എംടി ), കണ്ട്യൂനസ്ലി വേരിയബിൾ ട്രാൻസ്മിഷൻ (സി വി ടി) മോഡലുകൾ ഒരുപോലെ ഉണ്ട് ഇതിന്. പരമാവധി 89 കെ ഡബ്ലിയു (121 പി എസ്) കരുത്ത് ഉൽപ്പാദിപ്പിക്കുന്ന ഈ എഞ്ചിന് 4300 ആർ പി എമ്മിൽ 145 എൻ എം പരമാവധി ടോർക്കുമുണ്ട്. ഹോണ്ട സെൻസിങ്ങിന്റെ അഡ്വാൻസ്ഡ് ഡ്രൈവർ അസിസ്റ്റൻസ് സിസ്റ്റം (എ ഡി എ എസ്) എന്ന ആപ്ലിക്കേഷനും ഇതിൽ ഉൾപ്പെടുന്നു. കാറിനെ റിമോട്ടായി നിയന്ത്രിക്കുവാനും മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭിക്കുന്ന തരത്തിൽ കാലികമായ പ്രധാനപ്പെട്ട നോട്ടിഫിക്കേഷനുകൾ ലഭിക്കുന്നതിനും ഉപയോക്താക്കളെ സഹായിക്കുന്ന കണക്റ്റഡ് കാർ അനുഭവമായ ഹോണ്ട കണക്റ്റ് എന്ന സവിശേഷതയും എലിവേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.ഉപഭോക്താക്കളുടെ വ്യത്യസ്തമായ പരിഗണനകളും താൽപ്പര്യങ്ങളും ഉൾപ്പെടുത്തുവാൻ വേണ്ടി അതിൽ സിംഗിൾടോൺ, ഡ്യുവൽടോൺ വേരിയന്റുകളുമുണ്ട്. ഫിനിക്സ് ഓറഞ്ച് പേൾ (പുതിയ നിറം), ഒബ്സീഡിയൻ ബ്ലൂ പേൾ, റേഡിയന്റ് റെഡ് മെറ്റാലിക്, പ്ലാറ്റിനം വൈറ്റ് പേൾ, ഗോൾഡൻ ബ്രൗൺ മെറ്റാലിക്, ലൂണാർ സിൽ വർ മെറ്റാലിക്, മെറ്റിയോറോയ്ഡ് ഗ്രേ മെറ്റാലിക് എന്നിങ്ങനെയുള്ള നിറങ്ങൾ റോഡിൽ എളുപ്പം തിരിച്ചറിഞ്ഞ് ആകർഷണം പിടിച്ചെടുക്കുന്ന തരത്തിലുള്ള സാന്നിദ്ധ്യമാണ് സാധ്യമാക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

# സംസ്ഥാന സമ്മേളനം നടത്തി



**കൊച്ചി:** പ്രൈവറ്റ് പാരാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓണേഴ്സ് ആൻഡ് സ്റ്റാഫ് അസോസിയേഷൻ സംസ്ഥാന സമ്മേളനം എറണാകുളം പത്തടിപ്പാലം പി. ഡബ്ല്യു.ഡി. റസ്റ്റ് ഹൗസിൽ നടന്നു.എം. എൽ.എ. ദലീമ സമ്മേളനം ഉദ്ഘാടനം ചെയ്തു.പാരാ മെഡിക്കൽ രംഗത്ത് നിരവധി പേർ ജോലി ചെയ്യുന്നുണ്ടെന്നും കോവിഡ് കാലത്ത് പാരാ മെഡിക്കൽ സ്ഥാപനങ്ങളും അവിടെ ജോലി ചെയ്യുന്നവരും, അവിടെ പഠിച്ചു ഇറങ്ങിയ ഉദ്യോഗാർഥികളും നടത്തിയ സേവനം മാതൃകപരമായിരുന്നുവെന്ന് എം. എൽ. എ. ദലീമ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു.അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ചന്ദ്രൻ നായർ അധ്യക്ഷത വഹിച്ചു യോഗത്തിൽ മുതിർന്ന അംഗങ്ങളെ തൃക്കാക്കര എം എൽ.എ. ഉമാതോമസ്ആദരിച്ചു. എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ്, ജോസ് മോൻ, നൗഷാദ്, വിജയമ്മ, എബി, എന്നിവർ സംസാരിച്ചു

# കറുകുറ്റി ആഴകം റോഡ് ബി.എം.സി നിലവാരത്തിലേക്ക്



**കൊച്ചി:** കറുകുറ്റി മൂക്കന്നൂർ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കറുകുറ്റി ആഴകം റോഡ് ബി.എം.സി നിലവാരത്തിലേക്ക്. 5.54 കോടി രൂപ ചെലവഴിച്ചാണ് പി.ഡ.ബ്യു.ഡി റോഡിന്റെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. റോജി. എം.ജോൺ എംഎൽഎ പദ്ധതിയുടെ നിർമ്മാണ ഉദ്ഘാടനം നിർവഹിച്ചു.റോഡ് വീതി കൂട്ടുന്നതിന്റെ ഭാഗമായുള്ള സ്ഥലം ഏറ്റെടുക്കൽ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. സ്ഥലം സൗജന്യമായി വിട്ടുനൽകുന്നവരുടെ മതിലുകളും മറ്റും പൊളിച്ചു വീതി കൂട്ടി വീും നിർമ്മിക്കും. ഇതിന് ആവശ്യമായ തുക ജനകീയ പങ്കാളിത്തത്തോടെ സമാഹരിക്കും. റോഡിന്റെ നിർമ്മാണം പൂർത്തിയാകുന്നതോടെ അതിരപ്പിള്ളി വിനോദസഞ്ചാര മേഖലയിലേക്കുള്ള എളുപ്പവഴിയായി റോഡ് മാറും.ചടങ്ങിൽ കറുകുറ്റി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ലതിക ശശികുമാർ അധ്യക്ഷത വഹിച്ചു, വൈസ് പ്രസിഡന്റ് ഷൈജോ പറമ്പി, ജില്ലാ പഞ്ചായത്ത് അംഗം ഷൈനി ജോർജ്, ബ്ലോക്ക് പഞ്ചായത്ത് അംഗം ഷിജി ജോയി, പഞ്ചായത്ത് അംഗങ്ങളായ മിനി ഡേവിസ്, കെ. പി അയ്യപ്പൻ,റോസി പോൾ,ജനപ്രതിനിധികൾ, രാഷ്ട്രീയ പ്രമുഖർ തുടങ്ങിയവർ പങ്കെടുത്തു.

# സംരംഭക സഹായ പദ്ധതി: 63 യൂണിറ്റുകൾക്ക് തുക അനുവദിച്ചു

**കൊച്ചി:** ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 2023 24 സാമ്പത്തിക വർഷം സംരംഭക സഹായ പദ്ധതി മുഖേന 63 യൂണിറ്റുകൾക്ക് 6,10,91,487 രൂപ അനുവദിച്ചു. ജൂലൈ 31ന് ജില്ലാ വികസന കമ്മീഷണറുടെ അധ്യക്ഷതയിൽ നടത്തിയ ജില്ലാതല കമ്മിറ്റിയിൽ പ്ലൈവുഡ്, പ്ലാസ്റ്റിക്, ഫുഡ് പ്രൊഡക്ടസ് എന്നീ മേഖലയിൽ ഉൾപ്പെട്ട 25 സംരംഭങ്ങൾക്ക് 2,46,76,713 രൂപയും ജൂൺ 20 ന് ചേർന്ന ജില്ലാതല കമ്മിറ്റിയിൽ 38 സംരംഭങ്ങൾക്ക് 3,94,14,574 രൂപയും അനുവദിച്ചു.

# റേബാൻ ആദ്യ വിപരീത ലെൻസ് 'റിവേഴ്സ്' പുറത്തിറക്കി

**കൊച്ചി:** സൺഗ്ളാസ്സ് ബ്രാൻഡായ റേബാൻതങ്ങളുടെ ആദ്യ വിപരീത ലെൻസ് 'റിവേഴ്സ്' പുറത്തിറക്കി. പൂർണ്ണമായും വിപരീതരീതിയിലുള്ള അസാധ്യമായ ഒരു പുതിയ ലെൻസ് ഉൾപ്പെടുത്തിയുള്ള നാല് യൂണിസെക്സ് സൺഗ്ലാസുകൾ ആണ് പുതിയ ശേഖരത്തിലുള്ളത്. എർഗണോമിക് യൂണിവേഴ്സൽ ഫ്രെയിം ഉപയോഗിച്ച് വികസിപ്പിച്ചെടുത്ത റേബാൻ റിവേഴ്സ് ഏവിയേറ്റർ, വേഫെറർ, കാരവൻ, ബോയ്ഫ്രേ് എന്നിവ എല്ലാ മുഖ രൂപത്തിനും അനുയോജ്യമാണ്. 41% ബയോ അധിഷ്ഠിത കാർബൺ ഉള്ളടക്കമുള്ള ബയോ അധിഷ്ഠിത നൈലോൺ1 ലെൻസുകൾ, 67% ബയോ അധിഷ്ഠിത കാർബൺ ഉള്ളടക്കമുള്ള ബയോ അധിഷ്ഠിത അസറ്റേറ്റ് ഫ്രെയിമുകൾ, 100% റീസൈക്കിൾ ചെയ്ത പാക്കേജിംഗ്, കാർഡ്, ക്ലെൻസിംഗ് തുണി എന്നിവയുൾപ്പെടെയുള്ള പരിസ്ഥിതി സൗഹൃദ മെറ്റീരിയലുകളാണ് ഇതിൽ ഉപയോഗിച്ചിട്ടുള്ളത്. പ്രമുഖ ഒപ്റ്റിക്കൽ സ്റ്റോറുകളിലും സൺഗ്ലാസ് ഹട്ടുകളിലും ഓൺലൈനിലും ലഭ്യമായ പുതിയ 'റിവേഴ്സ്' ശേഖരം 11090 രൂപയിൽ ആരംഭിക്കുന്നു.നൂതന എഞ്ചിനീയറിംഗിന്റെ അസാധാരണമായ നേട്ടമായ ആസ്റ്റിഗ്മാറ്റിക്, പ്രിസ്മാറ്റിക്, റിസോൾവിംഗ് ശക്തികൾ വഴി ഒപ്റ്റിക്കൽ പ്രിസിഷൻ നഷ്ടപ്പെടുത്താതെ ലെൻസിന്റെ ആകൃതി പരമ്പരാഗത കോൺവെക്സിൽ നിന്ന് കോൺകേവിലേക്ക് മാറ്റിയാണ് പുതിയ 'റിവേഴ്സ്' ഇറക്കിയിട്ടുള്ളത്. ഉയർന്ന പ്രകടനമുള്ള ആന്റിഗ്ലെയർ ട്രീറ്റ്മെന്റ് ഉപയോഗിച്ച് പൂർത്തിയാക്കിയ പാന്റോസ്കോപ്പിക് ലെൻസ്, കണ്ണ് ഏറ്റവും സെൻസിറ്റീവ് ആയ തരംഗദൈർഘ്യങ്ങളിലെ പ്രതിഫലനങ്ങളുടെ 70% വരെ കുറയ്ക്കാൻ ഫ്രെയിം ചെയ്തിരിക്കുന്നു. പ്രശസ്ത സൂപ്പർ മോഡൽ വിറ്റോറിയ സെറെറ്റി അഭിനയിക്കുന്ന ഒരു കാമ്പെയിൻ ഫിലിമും 'റിവേഴ്സ്' ലോഞ്ചിനോട് അനുബന്ധിച്ചു റേബാൻ പുറത്തിറക്കിയിട്ട്.തങ്ങളുടെ റേബാൻ റിവേഴ്സ് ശേഖരം കണ്ണട വ്യവസായത്തിലെ ഒരു യഥാർത്ഥ വിപ്ലവമാണെന്ന് എസ്സിലോർ ലക്സോട്ടിക്ക ആർ & ഡി പ്രോഡക്റ്റ് സ്റ്റൈൽ ലൈസൻസിംഗ് ഡയറക്ടർ ഫെഡറിക്കോ ബഫ അഭിപ്രായപ്പെട്ടു.ഏറ്റവും പ്രിയപ്പെട്ട കണ്ണട ബ്രാൻഡ് എന്ന നിലയിൽ, ഞങ്ങളുടെ ഏറ്റവും ക്ലാസിക് ശൈലികളിലേക്ക് പുതുമയും സാങ്കേതികവിദ്യയും കൊണ്ടുവരുന്നതോടൊപ്പം ഞങ്ങളുടെ ഐക്കണിറ്റിയുടെ ശക്തി ഞങ്ങൾ തുടർന്നും പ്രയോജനപ്പെടുത്തുന്നു,' എസ്സിലോർ ലക്സോട്ടിക്ക ചീഫ് മാർക്കറ്റിംഗ് ഓഫീസർ ഫ്രാൻസെസ്കോ ലിയട്ട് പറഞ്ഞു.



# പ്രീമിയം റാപ്പ് അവതരിപ്പിച്ച് അസാഹി കസെയ്

**കൊച്ചി:** ജപ്പാനിലെ ഒന്നാം നമ്പർ കിച്ചൻ ബ്രാൻഡായ അസാഹി കസെയ് തങ്ങളുടെ പ്രീമിയം റാപ്പിന്റെ പുതിയ പതിപ്പ് അവതരിപ്പിച്ചു. ഗുണനിലവാരം ആസ്വദിക്കാൻ കഴിയുന്ന അന്തിമ ഉപയോക്താക്കൾക്കായി 10 മീറ്റർ വലുപ്പത്തിലുള്ള പ്രീമിയം റാപ്പിന്റെ പുതിയ പതിപ്പ് അസാഹി കസെയ് പുറത്തിറക്കി. താങ്ങാനാവുന്ന വിലയിൽ മാത്രം 149/ കിഴിവിന് ശേഷം. പ്രീമിയം റാപ്പ് ഇപ്പോൾ ആമസോൺ, ഫ് ളിപ്കാർട്ട്, ബിഗ് ബാസ്ക്കറ്റ്, ഡി മാർട്ട് റെഡി എന്നിവയിൽ ലഭ്യമാണെന്ന് അസാഹി കസെയ് അധികൃതർ അറിയിച്ചു

# സൗജന്യ സർവീസ് ക്യാമ്പുമായി ബി.എസ്.എച്ച് ഹോം അപ്ലയൻസസ്

**തിരുവനന്തപുരം:** ഓണത്തിന് മുന്നോടിയായി സൗജന്യ സേവന ക്യാമ്പുമായി അന്താരാഷ്ട്ര ഹോം അപ്ലയൻസസ് നിർമാതാക്കളായ ബി.എസ്.എച്ച് ഹോം അപ്ലയൻസസ്. ആഗസ്റ്റ് ഒന്നു മുതൽ സംസ്ഥാനത്തെ പ്രധാനപ്പെട്ട ഒൻപത് കേന്ദ്രങ്ങളിലായി ഒരാഴ്ച നീണ്ടു നിൽക്കുന്ന ക്യാമ്പുകൾ സംഘടിപ്പിക്കുന്നത്. നിരവധി ഓഫറുകളും കമ്പനി ഒരുക്കിയിട്ടുണ്ട്.പാലക്കാട്, കണ്ണൂർ, കോട്ടയം, കൊല്ലം, തൃശൂർ, തിരുവനന്തപുരം, ഇടുക്കി, കോഴിക്കോട്, മൂവാറ്റുപുഴ എന്നിവിടങ്ങളിലായി നടക്കുന്ന ക്യാമ്പിൽ ബോഷ്, സീമെൻസ് ഉൾപ്പെടെ ബി.എസ്.എച്ച് ഗ്രൂപ്പിന്റെ വിവിധ വീട്ടുപകരണങ്ങൾ പ്രൊഫഷണലായി പരിശോധിക്കുന്നതിനും സർവീസ് ചെയ്യുന്നതിനുമുള്ള അവസരങ്ങളുണ്ടാകും. ക്യാമ്പിൽ പങ്കെടുക്കുന്നവർക്ക് എക്സ്റ്റന്റഡ് വാറന്റി എടുക്കുന്നതിന് പ്രത്യേക കിഴിവുണ്ടാകും. സ്പെയർ പാർട്സ്, ആക്സസറികൾ, കൺസ്യൂമബിൾസ് എന്നിവക്ക് 10 ശതമാനം വിലക്കുറവും ലഭിക്കും. ഓഗസ്റ്റ് ഏഴിനാണ് ക്യാമ്പ് അവസാനിക്കുക. മുഴുവൻ ആനുകൂല്യങ്ങളും ലഭിക്കുന്നതിനായി 18002661880 എന്ന നമ്പറിലോ service.in@bosch-home.com എന്ന ഇമെയിൽ വഴിയോ മുൻകൂട്ടി രജിസ്റ്റർ ചെയ്യണം.ഉപഭോക്താക്കൾക്ക് പ്രഥമ പരിഗണന നൽകുക എന്നതാണ് ബി.എസ്.എച്ച് ഹോം അപ്ലയൻസസിന്റെ നയമെന്നും ഓണത്തിന് മുന്നോടിയായി സൗജന്യ സേവന ക്യാമ്പ് കേരളത്തിൽ സംഘടിപ്പിക്കുന്നതിൽ സന്തോഷമുണ്ടെന്നും ബി.എസ്.എച്ച് ഹൗസ്ഹോൾഡ് അപ്ലയൻസസ് ഇന്ത്യ ചീഫ് ഫിനാൻഷ്യൽ ഓഫീസറും ബിസിനസ് അഡ്മിനിസ്ട്രേഷൻ മേധാവിയുമായ സത്യനാരായണൻ വിശ്വനാഥൻ വ്യക്തമാക്കി.

# എൽഐസി മ്യൂച്വൽ ഫണ്ട് ഐഡിബിഐ ലയനം പൂർത്തിയായി

**കൊച്ചി:** രാജ്യത്തെ സുപ്രധാന ആസ്തി കൈകാര്യ സ്ഥാപനങ്ങളിലൊന്നായ എൽഐസി മ്യൂചൽ ഫണ്ട് , ഐഡിബിഐ മ്യൂചൽ ഫണ്ടിനെ ഏറ്റെടുക്കുന്ന നടപടി പൂർത്തിയായി. ജൂലൈ 29 നാണ് ഇരു സ്ഥാപനങ്ങളും ഫലത്തിൽ ഒന്നായത്. 2023 ജൂൺ 30 വരെയുള്ള കണക്കനുസരിച്ച് എൽഐസി മ്യൂചൽ ഫണ്ട് 18,400 കോടി രൂപയുടെ ആസ്തികളും ഐഡിബിഐ മ്യൂചൽ ഫണ്ട് 3,650 കോടി രൂപയുടെ ആസ്തികളുമാണ് കൈകാര്യം ചെയ്യുന്നത്.ലയനം പൂർത്തിയായതോടെ ഐഡിബിഐ മ്യൂചൽഫണ്ടിന്റെ 20 പദ്ധതികളിൽ 10 എണ്ണം എൽഐസി മ്യൂചൽ ഫണ്ടിന്റെ സമാന പദ്ധതികളുമായി ലയിക്കും. ബാക്കിയുള്ള 10 എണ്ണം പ്രത്യേക പദ്ധതികളായി എൽഐസി ഏറ്റെടുക്കും. ഇതോടെ എൽഐസി മ്യൂചൽ ഫണ്ടിനു കീഴിലുള്ള മൊത്തം പദ്ധതികളുടെ എണ്ണം 38 ആയിത്തീരും. ഐഡിബിഐ മ്യൂചൽ ഫണ്ടുകളിൽ നിക്ഷേപിച്ചിട്ടുള്ളവർക്ക് എൽഐസി മ്യൂചൽ ഫണ്ടിന്റെ ഓഹരി, വായ്പ, പരിഹാര പദ്ധതികൾ, ഹൈബ്രിഡ്, സൂചികാ ഫണ്ടുകൾ, ഇടിഎഫ് എന്നിങ്ങനെ വൈവിധ്യമാർന്ന ഉൽപന്നങ്ങളുടെ പ്രയോജനവും ലഭിക്കും.എൽഐസി മ്യൂചൽഫണ്ട് കൈകാര്യം ചെയ്യുന്ന ആസ്തികൾ വർധിപ്പിക്കുന്നതിനും ഉൽപന്ന വൈവിധ്യം ഉറപ്പാക്കുന്നതിനുമുള്ള നടപടികളുടെ ഭാഗമായാണ് ഐഡിബിഐ മ്യൂചൽഫണ്ട് ഏറ്റെടുത്തത്. വിപണിയിലെ സാന്നിധ്യം കൂടുതൽ വിശാലമാക്കാനും നിക്ഷേപകർക്ക് വൈവിധ്യമാർന്ന പദ്ധതികളുടെ പ്രയോജനം ലഭ്യമാക്കാനും ലയനം സഹായിക്കും. രാജ്യത്തെ മുഖ്യ വിപണികളിലെ നിക്ഷേപാവശ്യങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനുള്ള തയാറെടുപ്പിൽ സുപ്രധാന നാഴികക്കല്ലാണ് ലയനത്തിലൂടെ പിന്നിട്ടതെന്ന് എൽഐസി മ്യൂചൽ ഫണ്ട് മാനേജിംഗ് ഡയറക്ടറും സിഇഒയുമായ ടിഎസ് രാമകൃഷ്ണൻ പറഞ്ഞു.

# പാലക്കാട് ജില്ലാ സിബിഎസ്ഇ ശാസ്ത്രപ്രദർശനം സംഘടിപ്പിച്ചു



**പാലക്കാട്:** പാലക്കാട് ജില്ലയിലെ സിഇബിഎസ്ഇ വിദ്യാലയങ്ങളുടെ സംഘടനയായ പാലക്കാട് ഡിസ്ട്രിക്റ്റ് സഹോദയ കോംപ്ലക്സ് (പിഡിഎസ്എസ് സി) സംഘടിപ്പിച്ച സ്കൂൾ വിദ്യാർത്ഥികളുടെ ശാസ്ത്രപ്രദർശനം 'മിറായ് 23' ചെർപ്പുളശ്ശേരി ശബരി സെൻട്രൽ സ്കൂളിൽ നടന്നു. ശബരി സ്കൂൾ പൂർവവിദ്യാർത്ഥിയും അമേരിക്കയിലെ ബെൽഫാസ്റ്റ് ക്യൂൻസ് യൂണിവേഴ്സിറ്റിയിലെ ആസ്ട്രോഫിസിസ്റ്റും ശാസ്ത്രഎഴുത്തുകാരനും പ്രഭാഷകനുമായ അശ്വിൻ ശേഖർ ഉദ്ഘാടനം ചെയ്തു. മൂന്ന് വിഭാഗങ്ങളിലായി ജില്ലയിലെ 41 സിബിഎസ്ഇ വിദ്യാലയങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾ പങ്കെടുത്തു. പിഡിഎസ്എസ് സി പ്രസിഡന്റും സ്വാതി സെൻട്രൽ സ്കൂൾ പ്രിൻസിപ്പലുമായ ഷാജി കെ തയ്യിൽ അധ്യക്ഷത വഹിച്ച ഉദ്ഘാടനച്ചടങ്ങിൽ ശബരി സെൻട്രൽ സ്കൂൾ മാനേജിംഗ് ട്രസ്റ്റി ശശികുമാർ നായർ വിശിഷ്ടാതിഥിയെ ആദരിച്ചു. പ്രിൻസിപ്പൽ ഡോ. അനിൽകുമാർ, ഒറ്റപ്പാലം ലക്ഷ്മി നാരായണ സ്കൂൾ പ്രിൻസിപ്പൽ കെ എസ് ഷീല എന്നിവർ പ്രസംഗിച്ചു.

# സിമാറ്റ്സിന് ആദരം

**കൊച്ചി:** 2023 ലെഎൻഐആർഎഫ് (ചകഞഎ) ഇന്ത്യ റാങ്കിംഗിൽ ശ്രദ്ധേയമായ നേട്ടം കൈവരിച്ച സിമാറ്റ്സിന് അഭിനന്ദനങ്ങൾ അറിയിച്ച് തമിഴ്നാട് ഗവർണർ തിരു ആർ.എൻ. രവി. ഡെന്റൽ വിഭാഗത്തിൽ ഒന്നാം സ്ഥാനവും നിയമ വിഭാഗത്തിൽ 11ാം സ്ഥാനവും സർവകലാശാലാ വിഭാഗത്തിൽ 13ാം സ്ഥാനവും മെഡിക്കൽ വിഭാഗത്തിൽ 18ാം സ്ഥാനവും നേടി ശ്രദ്ധേയമായ നേട്ടമാണ് കൈവരിച്ചിരിക്കുന്നത്. സിമാറ്റ്സിന്റെ വൈസ് ചാൻസലർ ഡോ. എൻ.എം. വീരയ്യന്റെ (സിമാറ്റ്സ്) നേതൃത്വത്തിലുള്ള മുഴുവൻ മാനേജ്മെന്റ് ടീമിന്റേയും അചഞ്ചലമായ അർപ്പണബോധത്തേയും കഠിനാധ്വാനത്തേയും തമിഴ്നാട് ഗവർണർ തിരു ആർ.എൻ. രവി പ്രശംസിച്ചു. സിമാറ്റ്സിന്റെ വിജയം രാജ്യത്തുടനീളമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക്, പ്രത്യേകിച്ച് തമിഴ്നാട്ടിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഉയർന്ന ലക്ഷ്യങ്ങൾ കൈവരിക്കാൻ പ്രചോദനമാണെന്ന് അദ്ദേഹം പറഞ്ഞു.

# ജൈവ മാലിന്യത്തിൽ നിന്ന് മത്സ്യതീറ്റ നിർമ്മാണത്തിന് കുഫോസ്

## സ്രോതസ്സിൽ തന്നെ മാലിന്യങ്ങൾ വേ!ർതിരിച്ച് കറുത്ത പടയാളി പുഴുക്കളെ ഉപയോഗിച്ച് ജൈവ മാലിന്യത്തിൽ നിന്ന് മത്സ്യതീറ്റ നിർമ്മാണത്തിന് ആവശ്യമായ മാംസ്യം ഉത്പാദിക്കുന്നതാണ് പദ്ധതി



കൊച്ചി: ജൈവ മാലിന്യത്തിൽ മത്സ്യതീറ്റ നിർമ്മിക്കാനുള്ള പരീക്ഷണ പദ്ധതിക്ക് കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശായിൽ (കുഫോസ്) തുടക്കമായി.ശ്രോതസ്സിൽ തന്നെ മാലിന്യങ്ങൾ വേ!ർതിരിച്ച് കറുത്ത പടയാളി പുഴുക്കളെ ഉപയോഗിച്ച് ജൈവ മാലിന്യത്തിൽ നിന്ന് മത്സ്യതീറ്റ നിർമ്മാണത്തിന് ആവശ്യമായ മാംസ്യം ഉത്പാദിക്കുന്നതാണ് പദ്ധതി.ആലപ്പുഴ ആസ്ഥാനമായി ജൈവ മാലിന്യ സംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്ന അമല ഇക്കോ ക്ളീൻ പ്രൈവറ്റ് ലിമിറ്റഡുമായി സഹകരിച്ചാണ് പദ്ധതി നടപ്പിലാക്കുകയെന്ന് കുഫോസ് വൈസ് ചാൻസലർ ഡോ.ടി.പ്രദീപ് കുമാർ അറിയിച്ചു.ഇതിനായി കുഫോസും അമല ഇക്കോ ക്ളീൻ പ്രൈവറ്റ് ലിമിറ്റഡും ധാരണാപത്രത്തിൽ ഒപ്പുവെച്ചു. കുഫോസിന് വേണ്ടി രജിസ്ട്രാ!ർ ഡോ.ദിനേശ് കൈപ്പിള്ളിയും അമല ഇക്കോ ക്ളീൻ പ്രൈവറ്റ് ലിമിറ്റഡിന് വേണ്ടി ഡയറക്ടർ ജോസഫ് നിക്ളവോസുമാണ്(ഖീലൈുവ ചശരഹമ്ീലെ) വൈസ് ചാൻസലർ ! ഡോ. ടി.പ്രദീപ് കുമാറിൻറെ സാന്നിധ്യത്തിൽ ധാരണാപത്രത്തിൽ ഒപ്പുവെച്ചത്. അമലയുടെ മറ്റ് ഡയറക്ടർമാരായ തോമസ് കെ.കെ, കുഞ്ഞുമോൻ ജെ, കുഫോസ് ഓഷൻ സയൻസ് ഡീൻ ഡോ.എസ്.സുരേഷ് കുമാർ, പരീക്ഷാ കൺട്രോളർ ഡോ.കെ.പി.സുഭാഷ് ചന്ദ്രൻ, പ്ളാനിങ്ങ് ഡയറക്ടർ ഡോ.എം.എസ്.രാജു, വിജ്ഞാന വ്യാപനം വിഭാഗം മേധാവി ഡോ.എം.കെ.സജ്ജീവൻ, യൂണിവേഴ്സിറ്റി എഞ്ചിയീയർ എൻ.കെ.മുഹമ്മദ് കോയ എന്നിവരും ധാരാണപ്ത്രം ഒപ്പുവെക്കുന്ന ചടങ്ങിൽ പങ്കെടുത്തുപരീക്ഷണാ!ർത്ഥത്തിൽ നടപ്പിലാക്കുന്ന പദ്ധതി വിജയിച്ചാൽ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുമെന്ന് വൈസ് ചാൻസലർ ഡോ.ടി.പ്രദീപ കുമാ!ർ പറഞ്ഞു. കേരളം നേരിടുന്ന ഏറ്റവും വലിയ സാമൂഹ്യ പ്രശ്നമായ ജൈവ മാലിന്യ സംസ്കരണത്തിന് ഇതോടെ ശാശ്വത പരിഹാരമാകും. പടയാളി ഈച്ചകളുടെ ലാർവയിൽ നിന്നും കയറ്റു മതിക്ക് ഉതകുന്ന വില കൂടിയ ഉത്പന്നങ്ങൾ നിർമ്മിക്കുവാനും അവയുടെ വിവിധ തരത്തിലുള്ള ഉപയോഗങ്ങൾ കണ്ടു പിടിക്കാനും പദ്ധതി ലക്ഷ്യമിടുന്നുണ്ടെന്ന് വൈസ് ചാൻസല!ർ പറഞ്ഞു.

## കെ.ജി.ടി.ഇ പ്രിന്റിങ് ടെക്നോളജി

**തിരുവനന്തപുരം:** സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള ശ്രീകാര്യം, സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിൽ നടത്തുന്ന കെ.ജി.ടി.ഇ പ്രിന്റിങ് ടെക്നോളജി പോസ്റ്റ് പ്രസ് ഓപ്പറേഷൻ ആൻഡ് ഫിനിഷിങ് (BookBinding) കോഴ്സിലേക്കുള്ള 202324 അധ്യയന വർഷത്തെ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. എസ്.എസ്.എൽ.സിയോ തത്തുല്യ പരീക്ഷയോ എഴുതി ഉന്നത വിദ്യാഭ്യാസത്തിന് അർഹത നേടിയവർക്ക് അപേക്ഷിക്കാം. അപേക്ഷാ ഫോമും വിശദവിവരങ്ങളടങ്ങിയ പ്രൊസ്പെക്ടസും www.sitttr-kerala.ac.in ൽ നിന്നും ഡൗൺലോഡ് ചെയ്യാം. പൂരിപ്പിച്ച അപേക്ഷ സ്വയം സാക്ഷ്യപ്പെടുത്തിയ നിർദ്ദിഷ്ട സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ, രജിസ്ട്രേഷൻ ഫീസ് (25 രൂപ) എന്നിവ സഹിതം ഓഗസ്റ്റ് 10 നു വൈകീട്ട് നാലു വരെ സ്വീകരിക്കും. വിശദ വിവരങ്ങൾക്ക് : 9447427476, 9400006462.

## പോളിടെക്നിക് ഗസ്റ്റ് ലക്ചറർ

**തിരുവനന്തപുരം:** നെടുമങ്ങാട് സർക്കാർ പോളിടെക്നിക് കോളജിൽ ഒഴിവുള്ള ഗസ്റ്റ് ലക്ചറർ തസ്തികകളിൽ നിയമനം നടത്തുന്നതിന് ഓഗസ്റ്റ് 4ന് കൂടിക്കാഴ്ച നടത്തുന്നു. കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് (2 ഒഴിവ്), മാത്തമാറ്റിക്സ് (1 ഒഴിവ്), എഞ്ചിനീയറിംഗ് ഗ്രാഫിക്സ് (1 ഒഴിവ്) എന്നീ വിഭാഗങ്ങളിൽ രാവിലെ 10.30നാണ് കൂടിക്കാഴ്ച. ബന്ധപ്പെട്ട വിഷയത്തിൽ ഒന്നാം ക്ലാസ് ബിരുദമാണ് യോഗ്യത. ഉയർന്ന യോഗ്യതയും പ്രവൃത്തിപരിചയവും ഉള്ളവർക്ക് മുൻഗണനയുണ്ട്. മാത്തമാറ്റിക്സിൽ ഒന്നാം ക്ലാസ് ബിരുദാനന്തര ബിരുദവും ങജഒകഘ/ചഋഠ ഉം ഉണ്ടായിരിക്കണം. യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ, ബയോഡേറ്റ എന്നിവ സഹിതം കോളജിൽ ഹാജരാകണം.

# സെഞ്ച്വറി മാട്രസ്സ് പുതിയ ഓണം കളക്ഷൻ പുറത്തിറക്കി



**കൊച്ചി:** ഇന്ത്യയിലെ മുൻ നിര മാട്രസ്സ് ബ്രാൻഡായ സെഞ്ച്വറി മാട്രസ്സ് ഓണത്തോടനുബന്ധിച്ച് 3 പുതിയ ഉൽപ്പന്നങ്ങൾ പുറത്തിറക്കി. കേരളത്തിൽ നടന്ന പാർട്ട്ണേഴ്സ് കണക്റ്റ് മീറ്റിലാണ് പുതിയ കളക്ഷൻ പുറത്തിറക്കിയത്. 18 വലിപ്പങ്ങളിൽ വ്യത്യസ്ത കനത്തിലും ദൃഢതയിലും ലഭ്യമായ ജെൽ ലാറ്റക്സ്, എറൈസ്, വിസ്കോപീഡിക് എന്നീ മൂന്നു പുതിയ ഉത്പന്നങ്ങളാണ് പുറത്തിറക്കിയത്. വായു സഞ്ചാരവും വഴക്കവും ഉള്ള പ്രീമിയം നിലവാരത്തിലുള്ള ലാറ്റക്സ് കൊണ്ട് ഡിസൈൻ ചെയ്തതാണ് ജെൽ ലാറ്റക്സ് മാട്രസ്സ് എന്ന് സഞ്ചറി മാട്രസ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ ഉത്തം മലാനി പറഞ്ഞു. വിസ്കോപീഡിക് മാട്രസ്സ് ആകട്ടെ അതിന്റെ റീബോണ്ട് ചെയ്ത മുഖ്യ ഫോമിലൂടെ പരമാവധി പിന്തുണ ശരീരത്തിന്റെ പിറക് വശത്തിന് നൽകുന്നു. പോക്കറ്റഡ് സ്പ്രിങ്ങുകൾ കൊണ്ട് നിർമ്മിച്ച എറൈസ് എന്ന മാട്രസ്സ് മെച്ചപ്പെട്ട തരത്തിൽ ശരീരത്തിന് സപ്പോർട്ട് നൽകുന്നു. എറൈസിന് 9932 രൂപയും വിസ്കോപീഡിക്കിന് 10,519 രൂപയും ജെൽ ലാറ്റക്സിന് 19,500 രൂപയുമാണ് ആരംഭ വില.ഇന്ത്യയുടെ സ്ലീപ്പ് സ്പെഷലിസ്റ്റ് എന്ന സ്ഥാനത്തിൽ അഭിമാനം കൊള്ളുകയാണ് സെഞ്ച്വറി മാട്രസ്സ്. തങ്ങളുടെ പാർട്ണർ കണക്റ്റ് മീറ്റിനോടനുബന്ധിച്ച് കേരളത്തിൽ ഏറ്റവും പുതിയ ഉൽപ്പന്നങ്ങൾ അവതരിപ്പിക്കുന്നതിൽ തങ്ങൾ ആവേശഭരിതരാണെന്നും അദ്ദേഹം പറഞ്ഞു.കേരളത്തിൽ സെഞ്ച്വറി മാട്രസിന് വിവിധ ബ്രാൻഡുകൾ കൈകാര്യം ചെയ്യുന്ന 200ലധികം ഡീലർമാരുടേയും 15 ബ്രാൻഡ് സ്റ്റോറുകളുടേയും സാന്നിദ്ധ്യമുണ്ട്. അതേസമയം ഇന്ത്യയൊട്ടാകെ 4000ൽ പരം ഡീലർമാരിലൂടേയും സാന്നിദ്ധ്യം അറിയിക്കുന്നു. 2025ഓടു കൂടി ചുരുങ്ങിയത് 100 എക്സ്ക്ലൂസീവ് എക്സ്പീരിയൻസ് സ്റ്റോറുകളിലൂടെ സാന്നിദ്ധ്യം വർദ്ധിപ്പിക്കുവാനാണ് കമ്പനി ലക്ഷ്യമിടുന്നത്.

